DR. P. C. C. PILLAI
VANCHIYOOR, TRIVANDRUM

നന്ദൻചരിത്രം



വിദ്വാൻ, ടി. ആർ. നാരായണയ്യർ.

DR. P. C. C. FULTAL
VANCHIYOOR, TRIVANDRUM.

DR. P. G. G. PILLAI,
VANCHIYOOR, TRIVANDRUM.

നന്ദൻ ചരിത്രം

ഗ്രന്ഥകർത്താവ്

വിദ്വാൻ, ടി. ആർ, നാരായണയ്യർ.

സംസ്കൃതപണ്ഡിതർ, വിവേകോദയം

ഹൈസ്കൂൾ.



പ്രസാധകൻ

കെ. ശങ്കരൻമൂസ്സത്.

ജ്ഞാനസാഗരം പുസ്തകശാല,

തൃശ്ശിവപേരൂർ.

1103.

വില ക. 0—8—0

പകർപ്പവകാശം പ്രസാധകനായിരിക്കുന്നു.

DR. P. C. C. PILLAI
VOOR, TRIVANDRUM

മുഖവുര

ധർമ്മാർത്ഥകാമമോക്ഷരൂപമായ ചതുർവ്വിധപുരുഷാർത്ഥങ്ങളിൽ അന്തിമമായ മോക്ഷം സിദ്ധിക്കുന്നതിന്നാണ് സകല ജീവജാലങ്ങളും യത്നിച്ചുപോരുന്നതെന്ന് അവരുടെ ഓരോ പ്രവൃത്തികളും വിളിച്ചുപറയുന്നുണ്ട്. പുതിയ പുതിയ സാധനങ്ങൾ കാണുമ്പോൾ അവയിൽ കൌതുകമുണ്ടാകുന്നതോടുകൂടി അതിന്നുമുമ്പു കൈവശമുണ്ടായിരുന്ന സാധനങ്ങളിൽ പ്രീതി കുറഞ്ഞുവരുന്നതു സർവ്വസാധാരണമാണല്ലോ. സംസാരിപ്പാൻ കഴിവില്ലാത്ത ശിശുക്കൾ കരയുമ്പോൾ എന്തുതന്നെ കൊടുത്താലും അതിലെല്ലാം അല്പനേരം രമിക്കുമെന്നല്ലാതെ തങ്ങൾ ഉദ്ദേശിച്ച സാധനം കിട്ടുന്നതുവരെ കരച്ചിൽ ഒരിക്കലും നിവൃത്തിക്കുന്നതല്ലെന്നു നമുക്കു എല്ലാവർക്കും അനുഭവസിദ്ധംതന്നെ. അതുപോലെ പുത്രകളത്രമിത്രാദികളിൽ ആസക്തചിത്തരായ മനുഷ്യർ ക്രമേണ അവയെല്ലാം അനിത്യവും ദുഃഖഹേതുവുമാണെന്നറിഞ്ഞ് അനശ്വരമായത് ഏതെന്നറിയുവാൻ ഉത്സാഹിക്കുന്നു. എന്നാൽ തങ്ങളുടെ പ്രാപ്യസ്ഥാനത്ത് എത്തുന്നതുവരെ ഇക്കാണുന്ന സൃഷ്ടിജാതത്തിൽ ഒരുത്തനും സ്വാസ്ഥ്യം കിട്ടുന്നതുമല്ല. "യം പ്രാപ്യ ന നിവർത്തന്തേ, തദ്ധാമ പരമം മമ" ഇത്യാദി വേദങ്ങൾ ഘോഷിക്കുന്നതിൻറെ പരമതാത്പര്യമിതുതന്നെയാണ്.

എന്നാൽ താദൃശമോക്ഷലാഭത്തിന്നു പലേ മാർഗ്ഗങ്ങളും പൂർവ്വാചാര്യന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ ആ മാർഗ്ഗങ്ങളിൽ കർമ്മയോഗം, ജ്ഞാനയോഗം എന്നിവയേക്കാൾ ഭക്തിയോഗത്തിന്നാണ് സർവ്വഥാ പ്രാധാന്യം കല്പിക്കേണ്ടത്

എന്തെന്നാൽ ഏതു മാർഗ്ഗത്തിൽകൂടിയായാലും അതിലെല്ലാം ഭക്തി അത്യന്താപേക്ഷിതമാണല്ലോ. "സാ തു കർമ്മജ്ഞാനയോഗേഭ്യോപ്യധികതരാ। ഫലരൂപത്വാൽ। ഈശ്വരസ്യാപ്യഭിമാനിദ്വേഷിതത്വാൽ ദൈന്യപ്രിയത്വാച്ച। യൽ ജ്ഞാത്വാ മത്തോ ഭവതി സ്തബ്ധോ ഭവത്യാത്മാരാമോ ഭവതി" ഇത്യാദി നാരദഭക്തിസൂത്രങ്ങളാലും ഇതുതന്നെയാണ് പറയപ്പെട്ടിരിക്കുന്നത്.

പൂർവ്വാചാര്യന്മാർ വർണ്ണാശ്രമാദികളാൽ സാമുദായികാചാരങ്ങളേയും മറവും പലതരത്തിലും നിയന്ത്രിച്ചു വെച്ചിട്ടുണ്ടെങ്കിലും ഭക്തിമാർഗ്ഗത്തിൽ അധികാരിഭേദമില്ലെന്നതെളിയിക്കുന്ന ഈ നന്ദൻചരിത്രം ഇന്ത്യയിലെ ജാതിമത്സരം നശിപ്പിക്കുന്നതിനോ അഥവാ നിലനിറുത്തുന്നതിനോ യത്നിച്ചവരുന്ന ഏവനും അറിഞ്ഞിരിക്കേണ്ടതാണ്. ശിവക്ഷേത്രവിലാസം മുതലായ സംസ്കൃതഗ്രന്ഥങ്ങളിൽ കാണുന്ന ഈ ചരിത്രം പല മഹാന്മാരും മിക്ക നാട്ടുഭാഷകളിലും പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞുവെങ്കിലും നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ ആരുംതന്നെ ആ ന്യൂനത പരിഹരിക്കുവാൻ പരിശ്രമിച്ചതായി അറിയുന്നില്ല. എന്നാൽ ആയതിനെ പരിഹരിക്കേണമെന്നു വിചാരിച്ച് എന്റെ മാന്യസുഹൃത്തായ ശ്രീമാൻ ശങ്കരൻമൂസ്സത് അവർകൾ എന്നെ പ്രേരിപ്പിച്ചതിന്റെ ഫലമായി പ്രസ്തുത പുസ്തകം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ,
3—1—'108.

എന്ന് സഹൃദയദാസനായ
ഗ്രന്ഥകർത്താ.

DR. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

നന്തൻ ചരിത്രം

കന്നാമദ്ധ്യായം

(നന്തന്റെ ബാല്യം)

അറബിക്കടലിന്നും ബങ്കാള ഉൾക്കടലിന്നും മദ്ധ്യേ തിരുവെങ്കടഗിരിമുതൽ കന്യാകുമാരിവരെ നീണ്ടുനിവർന്നകിടക്കുന്ന ഭൂഖണ്ഡം, പണ്ട് ചേരം, പാണ്ഡ്യം, ചോളം എന്ന മൂന്നു രാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. മലബാർ, കണ്ണാടകം, കോയമ്പത്തൂർ, സേലം എന്നീ ജില്ലകളും, കൊച്ചിയും തിരുവിതാംകൂറും, മൈസൂരിന്റെ ഏതാനും ഭാഗവും ചേർന്നതു ചേരമെന്നും; മധുര, തിരുനെൽവെല്ലി എന്നീ ജില്ലകൾ പാണ്ഡ്യമെന്നും, തിരുച്ചിനാപ്പിള്ളി, തഞ്ചാവൂർ, ചിങ്കൽപ്പേട്ട, ആർക്കാട് മുതലായ ജില്ലകൾ കൂടിയതു 'ചോള'മെന്നുമായിരുന്നു അന്നു വിളിച്ചുവന്നിരുന്നതു്. ഉല്ലാസത്തോടും പരസ്പരം ഐകമത്യത്തോടുംകൂടിത്തന്നെയായിരുന്ന അതാതിലെ രാജാക്കന്മാർ രാജ്യഭരണം നടത്തിപ്പോന്നിരുന്നതും. ഹൈന്ദവശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ള വർണ്ണാശ്രമധർമ്മങ്ങൾക്ക് അണുപോലും നീക്കുപോക്കുകൂടാതെ നടക്കുകയും നടത്തിക്കുകയും ചെയ്യുന്നതിൽ ശേഷിയും ശ്രദ്ധയും അന്നത്തെ രാജാക്കന്മാർ ചെലുത്താതിരുന്നില്ല. ബ്രാഹ്മണാദിവർണ്ണങ്ങളും, അവരവരുടെ വർണ്ണധർമ്മാദികൾക്ക്

കണ്ണികപോലും ലോപം വരുത്താതേയും, ലോഭാദികൾക്കടിമപ്പെടാതേയും, [ഐഹികവും ആമുഷ്മികവുമായ ശ്രേയസ്സിനെ കാംക്ഷിച്ച് അനവരതം യത്നിച്ചിരുന്നു.

അക്കാലത്തെ ചോളരാജ്യത്തിൽ അന്തർഭവിച്ചതും, ഇപ്പോഴത്തെ തെൻഇന്ത്യാ റെയിൽവേയിൽ "വൈത്തീശ്വരൻകോവിൽ" എന്നു വിളിച്ചുവരുന്ന പുകവണ്ടി ആപ്പീസ്സിന്നു ഏകദേശം മൂന്നുനാഴിക പടിഞ്ഞാറുമായി "ആതനൂർ" എന്ന ഒരു ചെറുഗ്രാമം, വേദോക്തപ്രകാരം തങ്ങളുടെ നടവടികൾ ക്രമീകരിച്ച് അഗ്നിഹോത്രം മുതലായ കർമ്മങ്ങളനുഷ്ഠിച്ചുവന്നിരുന്നവരും, ജന്മനാ ശാന്തരും ദാന്തരുമായ ബ്രാഹ്മണരാൽ അധിഷ്ഠിതവും, വേദഘോഷത്താൽ സദാ മാറ്റൊലികൊണ്ടിരുന്നതുമായിരുന്നു. കാവേരീനദിയുടെ ഉൾപിരിവായ കൊള്ളടത്തിൽനിന്നും വെള്ളം തിരിച്ചുകൊണ്ടുവന്നു കൃഷിചെയ്തിരുന്ന ഇരുപൂകിൽ ഭൂമികളായിരുന്ന ആ ഗ്രാമത്തിന്റെ പരിസരപ്രദേശങ്ങൾ. ആവക ഇരുപൂകിൽ ഭൂമികളുടെ മദ്ധ്യത്തിലായിരുന്ന കൃഷിപ്രവൃത്തിയെടുത്തു ദിനവൃത്തി കഴിച്ചുപോന്നിരുന്ന പുലയരുടെ വസതികളും. ആ ചേരിയിൽ പാർത്തിരുന്ന എല്ലാ പറയരും, ആതനൂർഗ്രാമത്തിലെ ബ്രാഹ്മണരുടെ അടിമകളുമായിരുന്നു. അവരുടെ പാപ്പിടങ്ങൾ ഓലകൊണ്ടു മേഞ്ഞും വെയിലിന്നും മഴയ്ക്കും തടസ്ഥമെന്നിയെ അകത്തു പ്രവേശം നല്കിയുമിരുന്നിരുന്നു. കൊന്നതിന്നു മൃഗങ്ങളുടെ അസ്ഥിപഞ്ജരംകൊണ്ടു നിറഞ്ഞതായിരുന്ന ഒരോ കുടിയുടേയും ചുറുമുള്ള പ്രദേശങ്ങൾ. കീറി നാറിയതും കഷ്ടിച്ചു് അരമാത്രം മൂടാവുന്നതുമായ വസ്ത്രങ്ങളായിരുന്നു അവർ ധരിച്ചിരുന്നതു്. ഇവരുടെ വസതികൾ കൃഷിചെയ്തിരുന്ന ഭൂമികളുടെ

DR. P. C. C. PILLAI.
VANCHIYOOR, TRIVANDRUM.

സമനിരപ്പാകയാൽ മഞ്ഞും മഴയും ഒരുപോലെ പല ദീന ങ്ങളേയും തന്നിവാസികൾക്കു ക്ഷാമമെന്നിയെ വിതരണം ചെയ്തിരുന്നതിനും പുറമേ, ഹന്യമാനങ്ങളായ കുരുടങ്ങള ടെ ക്രേങ്കാരത്താലും അജങ്ങളുടെ ആത്തനാദത്താലും സദാ മാറ്റൊലികൊണ്ടും രക്തപ്രവാഹത്താൽ ചുറും നനഞ്ഞും ഇരുന്നിരുന്നു. ഉണക്കവാൻ ഇട്ടിരുന്ന ചത്തമൃഗങ്ങളുടെ തോലുകളിൽനിന്നും മാംസങ്ങളിൽനിന്നും ഉണ്ടാകുന്ന ദുർ ന്ധം വായുമാർഗ്ഗേണ സർവ്വത്ര വ്യാപിച്ച് ദൂരസ്ഥന്മാരെക്കൂടി അസഹ്യപ്പെടുത്തിയിരുന്നുവെങ്കിലും അവർക്ക് ഒട്ടും അസു ഖാവഹമായിരുന്നില്ല. അവിടവിടെ ചീഞ്ഞുകിടന്നിരുന്ന ശവങ്ങളുടെ അവശിഷ്ടങ്ങൾ കുറുക്കൻ, കാക്ക, കഴുകൻ മു തലായവയും സ്ഥിരമായി ആതിത്ഥ്യം നടത്തിയിരുന്നു. അ ദ്ധ്വനഗരായി വെയിലും മഴയും കൂട്ടാക്കാതെ ക്ഷുധിതങ്ങളും സുനന്ധയങ്ങളും ആയ അപത്യങ്ങളെ വിട്ടുപിരിഞ്ഞു വയ ലുകളിൽ പുലയർ പണി എടുത്തിരുന്നതു യജമാനനിൽ നിന്നുള്ള ഭയം ഒന്നുകൊണ്ടുമാത്രമല്ലാതെ വേറൊന്നുകൊണ്ടു മായിരുന്നില്ല.

ഇവ്വിധമെല്ലാമിരുന്നിരുന്ന പാച്ചേരിയിലായിരുന്നു ശിവഭക്തരിൽവെച്ച് അഗ്രഗണ്യനായ നന്തന്റെ ജനനം. നന്തന്റെ മാതാപിതാക്കന്മാരാകുവാൻ ഭാഗ്യം സിദ്ധിച്ച പുലയരെപ്പറ്റി ഒരു ഗ്രന്ഥത്തിലും ഒന്നും പറഞ്ഞുകാണു ന്നില്ല. നന്തൻ നന്നെ ചെറുപ്പകാലം മുതൽക്കുതന്നെ ആ ലോചനാശക്തിയും ബഹുമാനനീയരിൽ ബഹുമാനവും പ്ര ദർശിപ്പിച്ചിരുന്നു. എന്നു മാത്രമല്ല മദ്യം മാംസം മുതലായ തിൽ ഒട്ടും ഇഷ്ടമില്ലാത്തവനുമായിരുന്നു.

ഈ പാച്ചേരിക്കു ചുറുമുള്ള വയലുകൾ സന്ദർശിക്കു

ന്നതിനു അതായതു ഭൂമികളുടെ ഉടമസ്ഥത വഹിച്ചിരുന്ന ബ്രാഹ്മണർ ഇടക്കിടെ അവിടങ്ങളിൽ വന്നിരുന്നതു സാധാരണയായിരുന്നു. ആ അവസരങ്ങളിലെല്ലാം അവരവരുടെ അടിമകളായ പുലയരും ഒന്നിച്ചുണ്ടായിരിക്കുന്നതാണ്. തന്റെ സ്വാമിയായ സോമശർമ്മാ വയലുകളിലേക്കു വരുമ്പോഴെല്ലാം അച്ഛനൊരുമിച്ചു് നന്തനും വയലുകളിൽ സഞ്ചരിക്കുന്നതിനും, സോമശർമ്മാവുമായി പരിചയം സമ്പാദിക്കുന്നതിനും ഇടയായി. അപ്രകാരം സൌകര്യം സിദ്ധിക്കുമ്പോഴെല്ലാം ബ്രാഹ്മണരുടെ വേഷഭ്രഷ്ടാദികളിലും ആചാരപദ്ധതികളിലും സശ്രദ്ധം ദൃഷ്ടിപതിപ്പിക്കുന്നതു നന്തനു അമന്ദമായ ആനന്ദം ജനിപ്പിച്ചിരുന്നു. ഇങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ ബ്രാഹ്മണരുടെയും തങ്ങളുടേയും ആചാരങ്ങളിൽ കണ്ടുവരുന്ന ഗണ്യമായ അന്തരത്തിനു ഹേതുവെന്തായിരിക്കുമെന്നു അറിയുവാനുള്ള കൌതുകം നന്തനു ക്രമേണ വർദ്ധിച്ചുവരികയും അതിന്റെ ഫലമായി താഴെ പറയുംപ്രകാരം ഒരു സംഭാഷണം തന്റെ അമ്മയുമായി നടത്തുവാനിടവരികയും ചെയ്തു.

നന്തൻ—അമ്മേ! നമുക്കും നമ്മുടെ സ്വാമിക്കും തമ്മിൽ ആകൃതിയിലും പ്രകൃതിയിലും വളരെ അനന്തരം കാണുന്നുണ്ടല്ലൊ. അതിന്റെ നിദാനമെന്തു?

അമ്മ—വത്സ നന്ദ! എന്താണു പറയുന്നതു്? എനിക്കു നല്ലവണ്ണം മനസ്സിലായില്ലല്ലൊ.

ന—അതോ— അവരുടെ ഉടുപ്പും മട്ടും വളരെ വ്യത്യസ്തമായിരിക്കുന്നു. അവർ സംസാരിക്കുന്നതു അത്യന്തം ശുചിയും മിതവുമായി കാണപ്പെടുന്നു. നേരെ മറിച്ചു്, നമ്മുടെ കഥയൊ?

Dr. P. C. C. PILLAI
PEROORKADA, THIYOOR, TRIVANDRUM.

അ—അതാണോ നീ ചോദിക്കുന്നത്! അവർ ബ്രാഹ്മണരും നോം ചണ്ഡാലരും അല്ലേ! അതുതന്നെയാണ് ആ വ്യത്യാസം.

ന—അതുകൊണ്ടെന്തോണ്? നമുക്കും അവരെപ്പോലെ ആവരുതോ?

അ—മകനേ! അതു ഒരിക്കലും സാദ്ധ്യമല്ല.

ന—എന്തുകൊണ്ടാണ് അമ്മ അങ്ങിനെ ഖണ്ഡിച്ചു പറയുന്നത്?

അ—കൊള്ളാം മകന്റെ ചോദ്യം. അവർ ഈ കാണുന്ന വയലുകളുടെ ഉടമസ്ഥരാണ്. നമ്മളോ—അവരുടെ അടിമകളുമാണ്. എത്ര കഠിനമായ പ്രവൃത്തിയെടുത്താലും കഷ്ടിച്ചു ദിവസം കഴിച്ചുകൂട്ടുവാനുള്ള കൂലിയല്ലാതെ അവർ നമുക്കു തരികയില്ല. അതിലധികം ചോദിക്കുന്നതിനു നമുക്ക് അവകാശവും അധികാരവുമില്ല. പിന്നെയെങ്ങിനെയാണ് അവരെപ്പോലെ ഉടുക്കുന്നതിനും നടക്കുന്നതിനും സാധിക്കുക.

ന—അമ്മേ! ജോലിയെടുത്താൽ കൂലിയില്ലെന്നോ? പാടങ്ങളിൽ പൂട്ടുന്ന കന്നുകാലികൾക്കും നമുക്കും അന്തരം ഒട്ടുമില്ലെന്നോ? മനുഷ്യർ അനീതി പ്രവർത്തിച്ചാൽ ചോദിപ്പാനാളില്ലെന്നോ? കഷ്ടം!

അ—മനുഷ്യർ അനീതി പ്രവർത്തിച്ചാൽ ചോദിപ്പാൻ ദൈവമുണ്ട് സംശയമില്ല. നാം ഇരിക്കുന്ന പാമ്പും കുടിയും എന്നല്ല കുടിക്കുന്ന കഞ്ഞിയും നമ്മുടെ സ്വാമിയുടേതാണ്. അങ്ങിനെയിരിക്കെ അവരെപ്പോലെ നടക്കുന്നതിനു നമുക്കു കഴിയുമോ? എന്നാണ് ഞാൻ പറഞ്ഞത്.

ന—എന്നാൽ മനുഷ്യമാത്രത്തിന്റെ ശിക്ഷാരക്ഷകർക്കു കീഴിലുള്ള ദേവനെ സന്ദർശിക്കാതെ ദേവാലയത്തിനു സമീപം ചെന്നു ഗോരോചനം മുതലായതു കൊടുത്തയച്ചു നാം മടങ്ങിവരുന്നതു ന്യായമാണോ? തീച്ചയായും ഇനി മേലിൽ നാം അവിടെച്ചെന്നാൽ ദേവനെ ദർശിക്കാതെ മടങ്ങരുത്.

അ—നന്നായി. ബ്രാഹ്മണരും നമ്മളും ആരാധിക്കുന്ന ദേവന്മാർ വെവ്വേറെയാണ്. അവർ ആരാധിക്കുന്ന ദേവന്മാരുടെ ക്ഷേത്രങ്ങളിൽ നമുക്കു പ്രവേശിച്ചുകൂടാ. എന്നല്ല, അവർ ഉപയോഗിക്കുന്ന കുളവും കിണറും തൊടുവാനും കൂടി പാടില്ല. ഇതൊന്നും ധരിക്കാതെ വല്ലതും പറഞ്ഞാലൊ?

ന—അവരുടെ ക്ഷേത്രങ്ങളിൽ പ്രവേശമെന്നല്ലാ, കൂപതടാകാദികളെ തൊടുന്നതുകൂടി നിഷേധിക്കപ്പെട്ടിട്ടുള്ളതു് എന്തുകൊണ്ടാണു്? അതു ശരിയാണോ?

അ—കുട്ടി! വല്ലതും ചോദിക്കാതിരിക്കൂ.

ന—അവരുടെ ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്ന "പറ" മുതലായ വാദ്യങ്ങളും നാം ഉണ്ടാക്കിക്കൊടുക്കുന്നതല്ലേ.

അ—അതേ, അതുകൊണ്ടെന്താണു്?

ന—നാം കൊടുക്കുന്ന പറ മുതലായ വാദ്യങ്ങളും ഗോരോചനം മുതലായ സുഗന്ധദ്രവ്യങ്ങളും അവരുടെ ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്നതിനു വിരോധമില്ല. അവരുടെ ഭക്ഷണത്തിനുള്ള നവധാന്യങ്ങളും നാം കൃഷിചെയ്തുണ്ടാക്കുന്നു. അവർ ഉപയോഗിക്കുന്ന കൂപതടാകാദികളിലെ ചേറെടുത്തു വെട്ടിപ്പാക്കുന്നതു നമുക്കു ചെയ്യുന്നതിനു വിരോധവുമില്ല. എങ്കിലും അവരുടെ ക്ഷേത്രങ്ങ

ളിൽ പ്രവേശിക്കുകയോ കൂപതടാകാദികളിൽ തൊട്ടുകയോ നമുക്കു മെയ്യുവാനും പാടില്ലത്രേ!

അ —(ഭാവഭേദത്തോടെ) നീ നിന്റെ അച്ഛനും അമ്മയ്ക്കും ഏകപുത്രനാണ്. ഞങ്ങളുടെ വാർദ്ധക്യത്തിൽ ഞങ്ങളെ ശുശ്രൂഷിക്കേണ്ടതും നീയാണ്. ഇപ്രകാരം നീ പറയുന്നതും മറവും നമ്മുടെ സ്വാമി അറിഞ്ഞാൽ നമ്മളെ ഇവിടെനിന്നു തട്ടിയോടിക്കും. ഞങ്ങൾ ജീവിച്ചിരിക്കുന്നേടത്തോളമെങ്കിലും കുടിക്കുന്ന കഞ്ഞി മുടക്കരുതേ! നന്ത— നിന്റെ പുറപ്പാടുതന്നെ വളരെ കേമമാകുന്നുണ്ട്.

ഇത്രയായപ്പോഴേക്കും അമ്മയുടെ ഭാവം മാറിയതായി നന്തൻ മനസ്സിലാക്കി. അമ്മക്ക് അനിഷ്ടമായ പ്രവൃത്തിയിൽ പ്രവേശിക്കുന്നതു ശൈശവം മുതൽക്കുതന്നെ നന്തന് ഒട്ടും സന്തോഷപ്രദമായിരുന്നില്ലെന്നു മാത്രമല്ല അത്യധികം വിഷാദവും കൂടിയായിരുന്നതിനാൽ തന്റെ ഈ വക സന്ദേഹങ്ങളെ പരിഹരിക്കുന്നതിനു ഇനിമേലിൽ യാതൊന്നും അമ്മയോടു ചോദിക്കുന്നതല്ലെന്നു മനസ്സിൽ തീച്ചപ്പെടുത്തി മൌനമവലംബിച്ചതേയുള്ളൂ.

എങ്കിലും നന്തന്റെ മനസ്സിൽ ആ വക സന്ദേഹങ്ങൾ തഴച്ചുകൂടിയതല്ലാതെ ഒട്ടും കുറഞ്ഞതേയില്ല. "ബ്രാഹ്മണരുടെ കൂപതടാകാദികളിൽ നമുക്കു തൊടുവാൻ പാടുള്ളതല്ലെന്നു മാത്രമല്ല അവരുടെവസതിക്കുസമീപപ്രദേശങ്ങളിൽ സഞ്ചരിക്കുവാനുംകൂടി പാടുള്ളതല്ലെന്നുകൂടി പറയുന്നതിലെ തത്വമേതോ? അവരുടെ ദേവാലയത്തിനും നമ്മുടെ ചാണ്ഡികാലയത്തിനും വ്യത്യാസമെന്തോ? ഇതിനെപ്പറ്റി ആരോടും ചോദിക്കാവുന്നതുമല്ലത്രേ! ഉദിച്ചുയർന്നുവരുന്ന സൂര്യനെ ബ്രാഹ്മണർ നമസ്കരിക്കുന്നതു ഗ്രാമത്തിനു സമീപം

ഞാൻ കന്നുകാലികൾ മേയ്ക്കുന്ന അവസരങ്ങളിൽ പലതവ
ണയും കാണുവാനിടയായിട്ടുണ്ട്. ഈ ചരാചരങ്ങളുടെ
സ്ഥിതിക്കു ഹേതുഭൂതനായ സൂര്യഭഗവാൻ, ബ്രാഹ്മണനും
ചണ്ഡാലനും ഒരുപോലെതന്നെയല്ലേ? അവരുടെ ദേവാ
ലയങ്ങളിൽ ആരാധിച്ചുവരുന്ന ദേവന്മാക്കുമാത്രം ബ്രാഹ്മ
ണനെന്നും ചണ്ഡാലനെന്നുമുള്ള ഭേദം എന്തുകൊണ്ടാണാ
വോ? ഇതിന്റെ യാഥാർത്ഥികമായ തത്വം ആരാണ് ഉപ
ദേശിച്ചുതരിക?" എന്നും മറ്റും വിചാരിച്ചു ചില സമയ
ങ്ങളിൽ തന്നത്താൻ നിന്ദിച്ചും; വയസ്സുകൊണ്ടും ജ്ഞാനം
കൊണ്ടും വൃദ്ധന്മാരും സർവ്വഥാ എല്ലാവക്കും പൂജാർഹന്മാരും
ആയ നമ്മുടെ മഹത്തരന്മാരായ പൂർവ്വികന്മാർ ഏർപ്പെടുത്തി
യ ആചാരങ്ങളിൽ എന്തെങ്കിലും സൂക്ഷ്മമായ തത്വം അ
ന്തർഭവിച്ചിട്ടുണ്ടായിരിക്കാവുന്നതാണെന്നും അതിലെ ഗുണ
ദോഷങ്ങളും ന്യായാന്യായങ്ങളും നിരൂപിക്കുന്നതിനു
താൻ ഒന്നുകൊണ്ടും അർഹനല്ലെന്നും വിചാരിച്ച് ഇടക്കിടെ
സമാധാനിച്ചും; ഗ്രാമത്തിനു സമീപം ചെല്ലാവുള്ള അവ
സരങ്ങളിൽ ബ്രാഹ്മണകുമാരന്മാർ ഉച്ചത്തിൽ ചൊല്ലിക്കേ
ട്ടിട്ടുള്ള ശിവനാമങ്ങൾ ചണ്ഡാലർക്കു ചൊല്ലാവുന്നതാണെ
ന്നു തന്റെ കൂട്ടുകാരായ ചേരിയിലെ ചെറുപിള്ളരെ പറ
ഞ്ഞു ധരിപ്പിച്ചും താൻ ശിവനാമം കഴിയുന്നതും ഉച്ചരിച്ചും
കാലം കഴിച്ചുപോന്നിരുന്നുവെങ്കിലും മാതാപിതാക്കന്മാർ ത
ന്റെ ജോലിയായി ചെച്ചിട്ടുള്ള കന്നുകാലികളെ മേയ്ക്കുന്ന
തിൽ യാതൊരു വീഴ്ചയോ കുറവോ വരുത്താതേയും യാതൊ
രാൾക്കും അപ്രീതിക്കിടം കൊടുക്കാതേയും തന്റെ ബാല്യ
ത്തിലെ പകുതികാലവും കഴിച്ചുകൂട്ടി. അക്കാലങ്ങളിലെ
ല്ലാം കൂട്ടുകാരൊന്നിച്ചു കളിക്കുന്നതിനു നേരംപോകാതെ

സംസാരിക്കുന്നതിന്നോ നന്തൻ പങ്കുകൊണ്ടിരുന്നില്ല. ഇ ക്കാണുന്ന പ്രപഞ്ചത്തിന്നെല്ലാം നാഥനായ ദേവന്റെ പ്രീ തി സമ്പാദിക്കുവാനുള്ള ആഗ്രഹം ഒന്നുമാത്രമേ നന്തന്നു ണ്ടായിരുന്നുള്ളുവെന്നത് അവന്റെ മനസ്സിലും വാക്കിലും പ്രവൃത്തിയിലും നല്ലപോലെ തെളിഞ്ഞു കാണ്മാനുണ്ടായിരു ന്നു. കണ്ടകപരിപൂർണ്ണവും അന്ധകാരമലീമസവും ദുഷ്ടമൃഗ വ്യാകുലവുമായ ഒരു ഘോരകാനനത്തിൽ ഏകനും— അസ ഹായിയായ ഒരു ബാലനും നില്ക്കേണ്ടിവന്നാലുണ്ടാകാവുന്ന ഒരനുഭവവിശേഷമാണ് ചേരിയിലെ വാസം നന്തനുണ്ടാ ക്കിക്കൊണ്ടിരുന്നത്. എന്നുമാത്രമല്ല, അതിന്റെ ഭയങ്കരത മനസ്സിലായി തുടങ്ങുന്തോറും അവിടം വിട്ടൊഴിയുവാനുള്ള മോഹവും പ്രതിനിമിഷം വർദ്ധിച്ചുതുടങ്ങി.

രണ്ടാമദ്ധ്യായം

ജീവിതരീതിയുടെ മാറ്റം

തന്റെ വയസ്യരൊന്നിച്ച് കന്നുമേച്ചും ശിവനാമം കഴിയുന്നതും ഉച്ചരിച്ചും നരകതുല്യമായ ചേരിയിൽ വസി ച്ച് കഴിച്ചുകൂട്ടിയ ബാല്യത്തിന്റെ പരാദ്ധ്യത്തിലും പല സ ന്ദർഭങ്ങളിലും മാതുനിർബ്ബന്ധമനുസരിച്ച് ചേരിവക ചാമു ണ്ഡികാലയത്തിലും മറ്റു ക്ഷേത്രങ്ങളിലും നന്തനു പോകേ ണ്ടതായി വന്നിരുന്നു. അവിടുത്തെ കാഴ്ച പൂർവ്വാധികം നന്തനു അസഹ്യതയെ ഉണ്ടാക്കുകയാണ് ചെയ്തത്. ദി നന്തുതി ഓരോ കാര്യസാദ്ധ്യത്തിന്നായി ബലി കഴിക്കാ റുണ്ടായിരുന്ന ആട കോഴി മുതലായവയുടെ അവശിഷ്ടങ്ങൾ

സംസാരത്തിന്റെ നിസ്സാരതയെ അനക്ഷരം വിളിച്ചു പറഞ്ഞിരുന്നതായി നന്തന്നു തോന്നി. "കഷ്ടം! ഓരോരുത്തരുടേയും സങ്കടനിവൃത്തിക്കായി പ്രതിദിനം എത്ര ജീവികളെ ഹിംസിക്കുന്നു. ഇക്കാണുന്ന സകല ജീവികളേയും എന്നല്ലാ, ചരാചരാത്മകമായ ഇപ്രപഞ്ചത്തിന്റെ തന്നെ സ്രഷ്ടാവായ ജഗദീശ്വരന്റെ സൃഷ്ടിയിൽ ഹിംസാരൂപമായ ഈ പ്രവൃത്തി എത്രത്തോളം ന്യായമായിരിക്കും? ഇതു അദ്ദേഹത്തിനു അസഹ്യമായി തോന്നിയിരുന്നുവെങ്കിൽ വളരെക്കാലമായി നടന്നു വരുന്ന ഈ ഹിംസ സർവ്വശക്തനായ അദ്ദേഹം എന്തുകൊണ്ടു നിറുത്തൽ ചെയ്യിട്ടില്ല. എന്നുമാത്രമല്ല, ഹിംസിക്കപ്പെട്ട ജീവികളുടെ രക്തപ്രവാഹത്താൽ തങ്ങളുടെ ബിംബങ്ങളെ ഇത്രയും മലിനവും ഭയാവഹവുമാക്കിത്തീർക്കുന്നതിനെ ജഗദീശൻ നോക്കിയിരിക്കുന്നതിന്റെ അർത്ഥമെന്തു? ബ്രാഹ്മണരുടെ ദേവാലയങ്ങളിൽ പ്രാണിഹിംസയില്ലെന്നാണല്ലാ കേൾക്കുന്നതും. അവരുടെ ദേവാലയങ്ങളിൽനിന്നു നിറ്ഗ്ഗമിക്കാറുള്ള സൌരഭ്യം എത്രയോ ദൂരത്തു നില്ക്കാറുള്ള നമ്മുടെ ഹൃദയങ്ങൾക്കുകൂടി എത്ര ആനന്ദപ്രദായകമായിരിക്കുന്നു. നേരെമറിച്ചു നമ്മുടെ ദേവാലയങ്ങളിലെ കഥ എത്ര ശോചനീയമായിരിക്കുന്നു. കഷ്ടം! ഇവിടുത്തെ ദുർഗ്ഗന്ധം ആർക്കാണ് സഹ്യമായിരിക്കുക. നമ്മുടെ ജീവിതം എത്ര നികൃഷ്ടമാണ്. ഇതിനെപ്പറ്റി അമ്മയോട് ഒന്നും പറവാനോ ചോദിപ്പാനോ പാടുള്ളതുമല്ലല്ലോ. ഇതിനെപ്പറ്റി മുമ്പൊരിക്കൽ അമ്മയുമായുണ്ടായ സംഭാഷണത്തിൽതന്നെ എന്റെ ചോദ്യങ്ങളെ ശ്രദ്ധിക്കുകയോ ചോദ്യങ്ങൾക്ക് അനുസൃതമായി മറുപടി പറകയോ ചെയ്കയുണ്ടായിട്ടില്ലെന്നു മാത്രമല്ല, ഇനിമേൽ അപ്രകാരം

ചോദിക്കുകയോ ശങ്കിക്കുകയോ ചെയ്തതെന്നും കൂടി അമ്മ പറഞ്ഞിരിക്കെ ഞാനെന്തു ചെയ്യേണ്ടു? നമ്മുടെ ആചാരങ്ങൾതന്നെയായിരിക്കാം നമ്മളെ ബ്രാഹ്മണരിൽനിന്നും അകറ്റി നിറുത്തുന്നതു" എന്നും മറ്റും ആലോചിച്ചും ജീവിതത്തെ വെറുത്തും ജന്മത്തെ പഴിച്ചും തൂഷ്ണീംഭൂതനായിൽ സ്ഥിതിചെയ്യും പോലെയായിരുന്ന നന്തൻ ചേരിയിൽ പാത്തിരുന്നതു.

ഇക്കാലത്തു ഒരു ദിവസം തന്റെ സമവയസ്കരായ ബ്രാഹ്മണകുമാരന്മാർ ഗ്രാമത്തിലുള്ള പാഠശാലയിൽ ഗുരുവിന്റെ സമീപം ഇരുന്നു പഠിച്ചിരുന്നതു നന്തനു കാണുവാൻ ഇടയായി. പിന്നീട് മിക്ക ദിവസങ്ങളിലും ഗുരു പഠിപ്പിക്കാറുള്ള വിഷയങ്ങളേയും പാഠശാലയ്ക്കു സമീപം ഒളിവിലിരുന്നു ഗുരുശിഷ്യസംവാദങ്ങളേയും ശ്രദ്ധിച്ചുകേൾക്കുക പതിവായിരുന്നു. എന്നാൽ കന്നുകാലികളെ മേയ്ക്കുക തന്റെ മുറയായി നടത്തിയിരുന്ന നന്തൻ ആ ജോലിയിൽ ഒരിക്കലും വീഴ്ചവരുത്തുകയോ ആരുടെയെങ്കിലും ആവലാതിക്കിടവെക്കുകയോ ഉണ്ടായിട്ടില്ല. പാഠശാലയ്ക്കു സമീപം ഒളിഞ്ഞിരുന്നു അവിടെ പഠിപ്പിയ്ക്കുന്നതു നന്തൻ കേൾക്കാറുണ്ടെന്നും ആയതു വിരോധിയ്ക്കേണ്ടതാണെന്നും ഉള്ള സംസാരം അതിന്നിടയിൽ ഗ്രാമനിവാസികളുടെ ഇടയിൽ പരന്നു. ഇങ്ങിനെയിരിക്കെ ഒരു ദിവസം താഴെ കാണിക്കും പ്രകാരം ഗുരുശിഷ്യന്മാരുടെ ഒരു സംവാദം നന്തനു കേൾക്കുവാനിടയായി. ഇതിന്നു മുമ്പും പല സംവാദങ്ങളും കേൾക്കുവാനിടയായിട്ടുണ്ടെന്നു വരികിലും ഇതു ഒന്നുമാത്രമായിരുന്നു നന്തനു രസാവഹമായിതോന്നിയതും അവന്റെ ജീവിതത്തിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കിത്തീർത്തതും.

ഗുരു—ബാലകന്മാരേ! അഹിംസാ, സത്യം, ത്യാഗം എന്നീ മൂന്നു ധർമ്മങ്ങളും അണുപോലും വീഴ്ചകൂടാതെ അനുഷ്ഠിച്ചവരുന്നവരുണ്ടല്ലോ ശിഷ്ടന്മാർ എന്നു വിളിക്കുന്നതിനു അർഹത തികഞ്ഞവർ. താദൃശശിഷ്ടന്മാർ എല്ലാ ജാതിയിലും എല്ലാ കാലങ്ങളിലും ഉണ്ടാകാറുണ്ട്. അവരുടെ ആചാരങ്ങളെ ആരാഞ്ഞറിഞ്ഞു അവയനുസരിച്ചു നടക്കുന്നതാണ് ഇഹാമുത്രഫലങ്ങളെ വിതരണം ചെയ്യുക.

ശിഷ്യൻ—എന്നാൽ പാണൻ പറയൻ മുതലായ നീചജാതികളിലും ശിഷ്ടന്മാർ ഉണ്ടാകാമെന്നാണോ ഗുരു കല്പിക്കുന്നതു?

ഗു—അതെ. തീച്ചയായും അവരിലും ശിഷ്ടന്മാർ ഉണ്ടാകാം. എന്നാൽ ഇതരജാതികളിലെന്നപോലെ പരിപ്പും വിവേകവും കുറവാകയാൽ അവരുടെ ഇടയിൽ ഇതരജാതികളെ സംബന്ധിച്ചിടത്തോളം ശിഷ്ടന്മാരുടെ സംഖ്യ എത്രയോ താണപടിയിലായിരിക്കുമെന്നേ യുള്ളൂ.

ഇത്രയായപ്പോഴേക്കും നന്തനു സന്തോഷം പൊറുക്കവയ്യാതായി. എത്രയോ നാളായി ഉള്ളിൽ നീറിക്കിടക്കുന്നതിനെ സംശയങ്ങളിൽ ചിലതെങ്കിലും ഈ അവസരത്തിൽ തീർക്കുവാൻ സാധിച്ചുമെന്നു കരുതി പ്രതിനിമിഷം വർദ്ധമാനമായ ഉൽകണ്ഠയോടുകൂടി നന്തൻ പൂർവ്വാധികം ശ്രദ്ധിച്ചു തുടങ്ങി.

ശി—ഗുരോ! ശിഷ്ടന്മാരുടെ ധർമ്മങ്ങളിൽ അഹിംസയുടെ സ്ഥാനം പ്രഥമമായിട്ടല്ലേ കാണുന്നതു. ഹിംസയനുഷ്ഠിക്കാതെ ജീവിതസന്ധാരണംകൂടി ചെയ്യുവാനശക്തരായ

അന്ത്യജന്മാരിൽ ശിഷ്ടന്മാരുടെ ഉൽപത്തി എങ്ങിനെയെന്നു മനസ്സിലാകുന്നില്ല.

ഗു—ഹിംസയുടേയും അഹിംസയുടേയും സ്വരൂപം വിവരിക്കുന്നതും മനസ്സിലാക്കുന്നതും അത്യന്തം ക്ലേശാവഹമാകുന്നു. സുഖദുഃഖസമ്മിശ്രമായ ഈ പ്രപഞ്ചത്തിൽ ഹിംസകൂടാതെ നടക്കുവാനും ഇരിക്കുവാനും എന്നല്ല, ശ്വാസോച്ഛ്വാസം ചെയ്യുവാനും കൂടി തീരെ അസാദ്ധ്യമാകുന്നു. യാഗാദികർമ്മങ്ങളിലെ ഹിംസ ഹിംസയായി ഗണിക്കാവുന്നതോ? അതുകൊണ്ടു സ്വധർമ്മമായി വിധിച്ചിട്ടുള്ള ഹിംസയെല്ലാം ഹിംസയായി കരുതേണ്ടതില്ല. സ്വധർമ്മം അനുഷ്ഠിക്കാതെ സ്വകർമ്മഫലം തീരുന്നതുമെങ്ങിനെ? പൂർവ്വജന്മാർജ്ജിതമായ കർമ്മത്തിന്റെ ഫലം തീരാതെ ഒരുവൻ മുക്തിക്കർഹനാകുന്നതുമെങ്ങിനെ?

ശി—പൂർവ്വകർമ്മഫലത്തെ തീരെ നശിപ്പിക്കുന്നതിനോ അവ്യർത്ഥമാക്കുന്നതിനോ പൌരുഷത്തിനു സാധിക്കുകയില്ലേ?

ഗു—ഒരിക്കലും സാധിക്കുന്നതല്ല. മതിമിട്ടക്കും കയ്യിക്കുമുള്ള എത്ര ജനങ്ങളാണ് ഉദരപൂരണത്തിനു കൂടി ഗതിയില്ലാതെ വലയുന്നതു്. എത്ര എത്ര ധനികന്മാർ ഒരുപിടി ചോറുപോലും ഉണ്ണുവാൻ നിവൃത്തിയില്ലാതെ ഉഴലുന്നു. പൂർവ്വജന്മാർജ്ജിതങ്ങളായ ശുഭാശുഭകർമ്മങ്ങളുടെ പരിണാമമായ സുഖദുഃഖങ്ങളെ തീരെ ഇല്ലായ്മചെയ്യുന്നതിനു ഒരു വിധത്തിലും ശക്തിയുള്ളതല്ല പൌരുഷം. ഈശ്വരാരാധനകൊണ്ടു ഈഷൽഭോഗം വരുത്തുവാൻ സാധ്യമല്ലെന്നുമില്ല. ശുഭാശുഭകർമ്മങ്ങളുടെ ഫലത്തെ പ്രദാനം ചെയ്യുന്ന ജഗന്നിയന്ത്രാവിനെ ശരണം പ്രാപിച്ചു

മാപ്പുചോദിച്ചാൽ കാരുണ്യമുത്തിയായ അദ്ദേഹത്തിന്നു കനിവു തോന്നാതിരിക്കുമോ? എന്നാൽ പൌരുഷം തന്നെ കർമ്മഫലത്തിന്നധീനവുമാണ്. അല്ലാത്തപക്ഷം ഉദ്യമശീലന്മാരായ മഹാന്മാക്കു എന്തൊന്നാണ് അസാദ്ധ്യമായിട്ടുള്ളത്? പൂർവ്വകർമ്മഫലം ഈ ജീവാത്മാവിനെ ഒരിക്കലും വിട്ടുപിരിയുന്നതല്ല. പാഞ്ചഭൌതികമായ ഈ ശരീരം നശിക്കുമ്പോൾ തൃണജലൂകന്യായേന ജീവാത്മാവ് പുതിയ വേറൊരു ശരീരത്തിൽ പ്രവേശിക്കുന്നതേയുള്ളൂ. അസംഖ്യം പാതുക്കൾ നിരന്നുനില്ക്കുന്നിടത്തു തന്റെ തള്ളയെ ഏതുവിധം പാതുക്കുട്ടി വേർതിരിച്ചറിഞ്ഞു അടുത്തുചെല്ലുന്നുവോ അവ്വിധം പുരാകൃതമായ കർമ്മത്തിന്റെ ഫലം കർത്താവിനെ അനുഗമിക്കുന്നു.

ശി—ചിലർ നീചജാതിയിലും മറ്റു ചിലർ ഉയർന്ന ജാതിയിലും ജനിക്കുന്നു. ചിലർ ഗർഭശത്രുക്കളായിത്തീരുന്നു. വേറെ ചിലർ ദാരിദ്ര്യം അനുഭവിച്ചു കഴുങ്ങുന്നു. ഇതിന്നെല്ലാം ഹേതുവെന്തെന്നു പറഞ്ഞുതന്നാൽ കൊള്ളാം.

ഗു—ശുഭങ്ങളായ കർമ്മങ്ങൾ ദേവന്മാരായിത്തീരുന്നതിന്നും; അശുഭങ്ങളായ കർമ്മങ്ങൾ പക്ഷിമൃഗാദികളും വൃക്ഷലതാദികളും ആയി പിറക്കുന്നതിന്നും, ശുഭാശുഭങ്ങളായ കർമ്മങ്ങൾ മനുഷ്യരായി ജനിക്കുന്നതിന്നും കാരണമായ്തീരുന്നു. ശുഭാശുഭങ്ങളുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ഉയർന്ന ജാതിയിയും നീച ജാതിയിലും ജനിക്കുകയും ഗർഭശത്രുത്വം, ദാരിദ്ര്യം, വ്യാധികൾ മുതലായവ അനുഭവിക്കുകയും ചെയ്യുന്നു.

ശി—എന്നാൽ നരജന്മം സിദ്ധിച്ചവർ എപ്പോഴാണ് മുക്തിക്കർഹരായ്തീരുക?

ഉ—അവനവൻ ചെയ്യുകമ്മത്തിന്റെ ഫലം അവനവൻ അനുഭവിക്കാതെ കഴികയില്ല. എന്നാൽ താൻ ചെയ്യു പാപകമ്മങ്ങളുടെ ഫലം അനുഭവിക്കേണ്ടിവരുമ്പോൾ മൂഢരായ മനുഷ്യർ പാടല്ലാതെ ദൈവത്തെ പഴിക്കുന്നു. അതുകൊണ്ടുള്ള പ്രയോജനമെന്തു? ദുർല്ലഭമായ ഈ നരജന്മം സിദ്ധിച്ചിട്ടും എത്രയോ ജന്മങ്ങൾകൊണ്ടുമാത്രം അനുഭവിച്ചു തീർക്കുവാൻ സാധിയ്ക്കുന്ന ഫലത്തെ തരുന്ന മഹാപാപങ്ങളെ ഒരേ ഒരു ജന്മത്തിൽ നേടിവെയ്ക്കുന്ന മനുഷ്യരും ചില്ലറയല്ല. രാഗദ്വേഷാദികൾക്കിടംകൊടുക്കാതെ ഇന്ദ്രിയഗ്രാമങ്ങളെ നിഗ്രഹിച്ചു മനസ്തുഷ്ടിവരുത്തി പൂർവ്വകമ്മഫലത്തെ നിശ്ശേഷം ഹോമിച്ചു മുക്തിനേടുവാൻ കഴിവുള്ളതുമാകുന്നു. മുക്തിക്കു ഭക്തിയോഗംപോലെ അത്ര സുഗമമായ മാർഗ്ഗം വേറെയുണ്ടെന്നു തോന്നുന്നില്ല. നാമസങ്കീർത്തനം, ദേവാലയപ്രദക്ഷിണം, നമസ്കാരം, സച്ചരിതധ്യാനം മുതലായവ ചെയ്തു ശമദമാദികൾ പരിശീലിച്ചു ആ വഴിയായി ഭക്തിയെ ദൃഢീകരിച്ചു എല്ലാം ശിവമയമായികാണുന്ന ഭക്തശിരോമണികൾക്കു രമമായ ബ്രഹ്മപദത്തെ പ്രാപിയ്ക്കുന്നു. ഇതിനെല്ലാം തരം നല്കുന്ന ഈ നരജന്മം ലഭിക്കുന്നതു തന്നെ ദുർല്ലഭമായിരിക്കേ അതു സിദ്ധിക്കുവാൻ ഭാഗ്യം സിദ്ധിച്ച നാമെല്ലാവരും അതിനെ വേണ്ടപോലെ വിനിയോഗിക്കേണ്ടതു ഓരോരുത്തരുടേയും ചുമതലയാണ്.

അദ്ധ്യയനദിനങ്ങളിൽ പഠിപ്പിക്കേണ്ട വിഷയങ്ങൾ പഠിപ്പിച്ചതിനുശേഷം കുറച്ചുനേരം സദാചാരങ്ങളെപ്പറ്റിയും മറ്റും സാധാരണ നടത്തിവരാറുള്ള സംഭാഷണം അന്നു അത്ര യായപ്പോഴും നന്ദൻ അപാരമായ ആനന്ദസാഗരത്തിൽ

ങ്ങി മതിമാന്മാർ താൻ എവിടെയാണെന്നും എന്താണ് ചെയ്യുന്നതെന്നും നിനയാതെ "ശിവ ശിവ" എന്ന ഉച്ചത്തിൽ ഉച്ചരിച്ചു. ഉടനെ കുമാരകന്മാർ പുറത്തിറങ്ങി ആരാണെന്നു നോക്കിയപ്പോൾ കണ്ടതു നന്തനെയായിരുന്നു. പെട്ടെന്നു ഉറക്കത്തിൽ നിന്ന് ഉണർന്നു പോലെയുള്ള ഒരനുഭവമാണ് നന്തനു കുമാരന്മാരുടെ ആഗമനം നിമിത്തമുണ്ടായതു്. താൻ അത്രനേരം കേട്ടുകൊണ്ടിരുന്ന തത്ത്വങ്ങളെ വീണ്ടും ആലോചിച്ചുകൊണ്ട് ഒന്നും മിണ്ടാതെ ധൃതഗതിയായി ചേരിയിലേയ്ക്കു തന്നെ തിരിച്ചു.

നന്തനെപ്പറ്റി മുമ്പുണ്ടായിരുന്ന ആക്ഷേപം ശരിയാണെന്നു ചിലരും അവൻ എന്തോ സംഗതിവശാൽ അവിടെ വന്നതായിരിക്കാമെന്നു മറ്റു ചിലരും പറഞ്ഞുതുടങ്ങി. ഈ വിവരം കണ്ണാകണ്ണികയും നന്തന്റെ സ്വാമികളും അറിയുന്നതിന്നിടയായി. തന്റെ ജോലിക്കു ഇതേവരെ യാതൊരു വീഴ്ചയും വരുത്തീട്ടില്ലാത്തതിനാൽ നന്തന്റെ പേരിൽ സ്വാമിക്കു അതിരറ്റ തൃപ്തിയുണ്ടായിരുന്നു. സ്വാമിയുടെ സ്നേഹവാത്സല്യങ്ങൾക്കു പാത്രമായീന്നു നന്തനെപ്പറ്റിയുള്ള ഈ ആക്ഷേപം ഇതംപ്രഥമമാകയാൽ അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിക്കുവാനായതു പര്യാപ്തമായില്ല. പറമ്പേരിയിലെ തലവനായ "പെരിയ കിഴവനോടും" മറ്റും ചിലപൌരപ്രമാണികളും യദൃച്ഛയാ ഈ വിഷയത്തെപ്പറ്റി സംസാരിപ്പാനിടയായതിൽ നന്തന്റെ മനസ്സിന്നു ഈയ്യിടെയായി എന്തോ ഒരുമാറ്റം സംഭവിച്ചിട്ടുള്ളതായും അതു ഒരുപക്ഷേ ഭ്രാന്തു തന്നേയായിരിപ്പാനവകാശമുള്ളതായും മനസ്സിലാകുകയാൽ അവന്റെ ഈ പ്രവൃത്തി ഗ്രാമത്തിൽ പറയത്തക്ക പ്രക്ഷോഭം ജനിപ്പിക്കുകയുണ്ടായില്ല.

ഈ സംഭവത്തിന്നുശേഷവും നന്തൻ പാഠശാലയുടെ സമീപം ഹാജർ കൊടുക്കാതിരുന്നില്ല. എന്നാൽ കാമക്രോധാദികളെ ജയിച്ച് ഈശ്വരകടാക്ഷത്തിന്നു താൻ പാത്രമായീരുന്നതിന്നുള്ള മാർഗ്ഗങ്ങൾ ഏതേതെല്ലാം എന്നാലോചിക്കുന്നതിൽ അധികസമയവും ചിലവാക്കിയിരുന്നതിനാൽ മുമ്പിലത്തെപ്പോലെ അനുസ്യൂതമായി വന്നിരുന്നില്ലെന്നു മാത്രമേയുള്ളൂ. ബ്രാഹ്മണരിൽനിന്നുള്ള ഭയവും ആയതിന്നു കാരണമായുണ്ടെന്നിരുന്നിരുന്നു.

ഇങ്ങിനെയിരിക്കെ ഒരു ദിവസം നന്തൻ പാഠശാലയുടെ സമീപം ചെല്ലുകയും, ഗുരുനാഥൻ ഇല്ലാതിരുന്ന തരം നോക്കി വിദ്യാർത്ഥികൾ പുറത്തിറങ്ങി കളിച്ചിരുന്നതു കാണുവാൻ ഇടയാകയും ചെയ്തു. വിദ്യാർത്ഥികൾ നന്തനെ കണ്ടയുടനെ വിളിച്ചുവരുത്തി വിദ്യാലയത്തിന്നുസമീപം വന്നു നില്ക്കുന്നതിന്റെ ഉദ്ദേശമെന്തെന്നു ചോദിക്കുകയും ഇങ്ങിനെ വരുന്നതായാൽ പല അനർത്ഥങ്ങളും ഉണ്ടായേക്കുമെന്നു പറയുകയും മറവും ചെയ്തു. നന്തൻ അവരുടെ ഭീഷണികേട്ട ഒട്ടും കുലുങ്ങാതെ പറഞ്ഞതാവിത്:—

"വിപ്രനെന്നും ക്ഷത്രനെന്നും
വൈശ്യനെന്നും ശൂദ്രനെന്നും
ഇപ്രപഞ്ചേ നാലുവർണ്ണം
നാലുവക്ത്രനുളവാക്കി.
തൽപുറത്തു ബൌദ്ധനെന്നും
പാണനെന്നും പറയനെന്നും.
കല്പിതജാതിഭേദത്തി—
നന്തമില്ല നിരൂപിച്ചാൽ.

ഏവമുള്ള ശരീരങ്ങൾ—
ക്കൊക്കവേ പാത്തുകാണുമ്പോൾ
ജീവനായിട്ടൊന്നുതന്നെ
യായതിപ്പോൾ പരബ്രഹ്മം.
നൂലുകൊണ്ടുപിരിച്ചോരു
ചരടിൽ പൊന്മണികോർത്തു
മാലയാക്കിധനികന്മാർ
ധരിക്കുന്നു ഗളംതന്നിൽ.
മുത്തുകൊണ്ടുമാലകോർക്കും
പവിഴം കൊണ്ടുമുണ്ടാക്കും
പൂത്തിലഞ്ഞിക്കുരുകൊണ്ടും
കുന്നികൊണ്ടും ദരിദ്രന്മാർ.
എന്നിച്ചണ്ണം സുവർണ്ണാദി
ക്കൊക്കവേതാൻ ചരടായി—
ട്ടൊന്നുതന്നേ പൊന്നിനുമ—
ക്കുന്നി മഞ്ചാടിമാലയ്ക്കും.
എന്നപോലെ സവ്വജാതി
പ്രപ്പഞ്ചം ഭൌതികം ദേഹം
ഒന്നുകൊണ്ടുകോത്തുകെട്ടി
കളിപ്പിക്കുന്നതു ദൈവം.
എന്നതുമൂലമാത്മാവി—
ന്നാക്കുമാക്കും ഭേദമില്ല
ഒന്നുതന്നെ ചരടുള്ളിൽ
ഭ്രൂസുരന്നും പറയനും.
ജ്ഞാനമെന്നുള്ളതു തന്നെ

സാരമെന്നു ധരിക്കേണം.
ജ്ഞാനമില്ലാത്ത വിപ്രനും
പൈദ്യനും ഭേദമില്ലേതും.
ജ്ഞാനിയാകും പറയന്നു
ബ്രാഹ്മണാദി ദ്വിജന്മാക്കും
സ്ഥാനമൊന്നായ്വരും ചത്തു
പരലോകം പ്രവേശിച്ചാൽ."

തന്നെ അധിക്ഷേപിച്ച് നിന്നിരുന്ന വിദ്യാർത്ഥികളോടു ഇപ്രകാരം നന്തൻ പറഞ്ഞുകൊണ്ടിരിക്കേ ഇതെല്ലാം കേട്ടുകൊണ്ട് ഗുരു വരികയും, ഗുരുദർശനത്താൽ സംഭ്രാന്തരായ വിദ്യാർത്ഥികൾ ഓരോവഴിക്കു പാഞ്ഞു് അകന്നുകടക്കുകയുംചെയ്തു. ഇതെല്ലാം കണ്ടുകൊണ്ടു നിന്നിരുന്ന നന്തൻ ലേശവും ചാഞ്ചല്യം കൂടാതെ, തന്റെ സംശയനിവൃത്തിക്കു സർവ്വഥാ ഹേതുഭൂതനായ ഗുരുവിനെ നിലത്തുവീണു നമസ്കരിച്ചു് കഴിയുംവണ്ണം കൃതജ്ഞതയെ പ്രദർശിപ്പിച്ചു. താൻ പഠിപ്പിച്ചുവരുന്ന വിഷയങ്ങളുടെ തത്വം ഇത്രയും വിശദമായി നന്തനെങ്കിലും മനസ്സിലാക്കിയല്ലോ എന്നു വിചാരിച്ച് ഏറ്റവും സന്തോഷിക്കയാണു ഗുരുവുണ്ടായതു. താൻ പഠിപ്പിക്കുന്ന വിഷയങ്ങൾ ശിഷ്യൻ മനസ്സിലാക്കിയതായി അറിയുവാനിടവരുന്നതുപോലെ ഗുരുവിനു സന്തോഷാവഹമായി യാതൊന്നുംതന്നെയില്ല. ആ പ്രമോദപൂരത്തിൽ മുഴകിയ ഗുരു നീചജാതികളിൽ സ്വതേ തനിക്കുണ്ടായിരുന്ന വിരസത തീരെ മറന്നു നന്തനെ നല്ലപോലെ അനുഗ്രഹിച്ചയക്കുകയാണുണ്ടായതു്. ഗുരുവിന്റെ പ്രസാദവും സ

സ്വാദിച്ച് കൃതകൃത്യനായ നന്ദൻ ഉടനെ അവിടെനിന്നും തിരിച്ചു.

മൂന്നാമദ്ധ്യായം

(നന്ദനു നേരിട്ട കുഴപ്പങ്ങളും തിരുപ്പുങ്കുർ ദർശനവും)

ഇപ്രകാരം നന്ദന്റെ സ്ഥിതിഗതികൾക്കു പല മാറ്റങ്ങളും സംഭവിച്ചിട്ടുള്ളതായി ചേരിയിലെ വൃദ്ധന്മാർക്കു മനസ്സിലായിത്തുടങ്ങി. "നമ്മുടെ ക്ഷേത്രങ്ങളിൽ എത്രയോ കാലമായി നടന്നുവരുന്ന സമ്പ്രദായങ്ങളെപ്പറ്റി ദൂഷിച്ചും ബ്രാഹ്മണരുടെ ദൈവത്തിൽ ഭക്തിയുറപ്പിച്ചും നടന്നുവരുന്ന നന്ദൻ മൂലം ചേരിക്കു് എന്തു ആപത്തു് നേരിട്ടുമോ" എന്നു എല്ലാവരും നടുങ്ങിത്തുടങ്ങിയിരിക്കുന്നു. ഇതിന്നിടയിൽ അവരുടെ ചാമുണ്ഡികാലയത്തിലെ വാഷ്കികവേല സമീപിച്ചതിനാൽ അതിന്നുള്ള ഒരുക്കങ്ങളും പതിവിലധികം കേമമായി ഒരുക്കിത്തുടങ്ങി. ചേരിയിലെ ആബാലവൃദ്ധം ഇക്കാര്യത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ വാഷ്കികവേലയുടെ ചടങ്ങുകളും മനസ്സിലാക്കുവാനാണ് നന്ദൻ ശ്രമിച്ചതു്. എല്ലാ കുടികളിൽനിന്നും അന്നേദിവസം ഓരോ ആടോ കോഴിയോ അവസ്ഥാനസ്മരണം ബലി കഴിക്കേണ്ടതായിട്ടുണ്ടെന്നു അറിയുകയാൽ ഈ വാഷ്കികവേല നിറത്തൽ ചെയ്യുന്നതിനു വേണ്ട ഒരുക്കങ്ങളും കരുണാവാരിധിയായ ജഗദീശ്വരന്റെ സഹായമുണ്ടെങ്കിൽ ഞാനും ചെയ്യുന്നതാണെന്നുറച്ചു്, തന്റെ സഹചാരികളായ ചെറുപിള്ളരെ വിളിച്ചുകൂട്ടി, ദിനവൃത്തി കഴിച്ചുകൂ

ട്ടുവാൻതന്നെ നിവൃത്തിയില്ലാത്ത പുലയർ വാഷ്ടികവേല നടത്തുന്നതു അനാശാസ്യമാണെന്നും വിശേഷിച്ച് അധ മ്മമായ പ്രാണിഹിംസ ചെയ്യേണ്ടതായിട്ടുള്ളത് ഒരിക്കലും ക്ഷന്തവ്യമല്ലെന്നും മറവം അവരെ പറഞ്ഞുധരിപ്പിച്ചു. അതു കേട്ട അവൻെറ സഹചരന്മാരായ ചേരിയിലെ ചെറുപ്രാ യക്കാർ ഈ വിഷയത്തിൽ വേണ്ടുന്ന സഹായം ചെയ്യാമെ ന്നു വാഗ്ദാനം ചെയ്കയും അതനുസരിച്ച് വാഷ്ടികവേല മുടക്കേണ്ടതിന്നു അവർ രാവും പകലും ഓരോകൂടിയിലും കയ റി വാഷ്ടികവേലയുടെ അധമ്മ്യതയെപ്പറ്റിയും ബ്രാഹ്മണരു ടെ ദേവന്മാരിൽ ഭക്തിയുറപ്പിക്കുന്നതു സർവ്വഥാ ശ്രേയസ്സര മാണെന്നും മറവം പറഞ്ഞുധരിപ്പിച്ചുതുടങ്ങി. നന്താടിക ളുടെ ഈ പ്രവൃത്തി ചേരിയിലെ വൃദ്ധന്മാക്കെന്നല്ല ചെറു പ്രായക്കാരിൽത്തന്നെചിലക്കും രുചിച്ചില്ല. അവർ ഒത്തൊ രുമിച്ച് നന്തൻെറ കൂടിയിൽ കയറിച്ചെന്നു അവൻെറ പ്ര വൃത്തികളും ചേരിയിൽ ഗണ്യമായ പ്രക്ഷോഭത്തിന്നിടയാ ക്കീട്ടുണ്ടെന്നുള്ള വിവരം അച്ഛനമ്മമാരെ ധരിപ്പിച്ച് കഴിയു ന്നതും ഈ ഉദ്യമത്തിൽനിന്നും പിൻവലിപ്പിക്കുവാൻ പരി ശ്രമിച്ചു. മാതാപിതാക്കന്മാർ അവക്കു സാധ്യമായ ചതുരു പായങ്ങളും പ്രയോഗിച്ചുനോക്കി. എങ്കിലും അവരുടെ ഉദ്യ മങ്ങളും നന്തനും അവൻെറ സഹചാരികളും യാതൊരു മാറ്റവും ഉണ്ടാകുന്നതിന്നു പഴുപ്പുള്ളായില്ല. ഇപ്രകാരം ഇരുകക്ഷികളായി പിരിഞ്ഞ ചേരിലെ നിവാസികൾ അവ രവരുടെ സംഘത്തിന്നു പ്രാബല്യം കൂട്ടുന്നതിന്നു പാടുള്ളേട ത്തോളം പരിശ്രമിക്കാതിരുന്നില്ല. നന്തൻെറ നടവടികളും ധമ്മബുദ്ധിയുംകണ്ട അവനോടു പ്രശസ്തമായ രീതിയിൽ പെ രുമാറിവരുന്ന സ്വാമികളും അവൻെറനേരെ ദ്രോഹബുദ്ധി

യുണ്ടാക്കുവാൻ ഇതുതന്നെ തരമെന്നുകരുതി ചില അസൂയാലുക്കൾ പല തന്ത്രങ്ങളും പ്രയോഗിക്കയുണ്ടായി.

വാഷ്ണികോത്സവനിരോധം സംബന്ധിച്ച് പല ഉത്സാഹങ്ങളും നടത്തിവന്നിരുന്നകാലത്തു അച്ഛന്റെ വാദ്ധ്യം നിമിത്തം സ്വാമിയായ സോമശർമ്മാവിന്റെ കൃഷിസ്ഥലങ്ങൾ നന്തൻ നേരിട്ടതന്നേ ഏറ്റം വാങ്ങി നടത്തേണ്ടതായി വന്നിരുന്നതിനാൽ കൃഷിവേലയിൽ യാതൊരു പ്രമാദവും നേരിടാതിരിപ്പാൻവേണ്ട മുൻകരുതലുകളും നന്തൻ ചെയ്യാതിരുന്നില്ല. അസൂയാലുക്കളും മത്സരബുദ്ധികളുമായ ഏതാനും ചിലർ ഒത്തൊരുമിച്ചു ഗ്രാമത്തിൽ ചെന്നു നന്തന്റെ സ്വാമികളെകണ്ടു ചേരിയിലെ സമാധാനക്കേടിനെയും അതിന്നു കാരണഭൂതമായ നന്തന്റെ ചേഷ്ടിതങ്ങളെയും അറിയിക്കുവാൻ തീച്ചയാക്കുകയും അതിന്റെ ഫലമായി താഴെ പറയുംപ്രകാരമുള്ള ഒരു സംഭാഷണം നടക്കുകയുമുണ്ടായി.

പുലയൻ—തമ്പുരാനേ! ഇവിടുത്തെ അടിമയായ നന്തന്റെ പ്രവൃത്തികളും ചേരിയിൽ വലുതായ സമാധാനക്കേടിന്നു കാരണമായ്നിന്നിരിക്കുന്ന വിവരം ഇവിടെ കേൾപ്പിപ്പാനായിട്ടാണ് വന്നതു്.

സോമ—എന്താണതു്?

മാലൻ—ചേരിയിലെ വാഷ്ണികവേലയ്ക്കു പതിവായി കഴിച്ചുവരാറുള്ള ബലി അധർമ്മമാണെന്നു തന്നിവാസികളെ പറഞ്ഞു ധരിപ്പിക്കയാണ് നന്തന്റെ ഇപ്പോഴത്തെ ജോലി.

സോ—ശരി. പ്രാണിഹിംസ ധർമ്മമല്ലല്ലോ. അധർമ്മമായ പ്രാണിഹിംസ അവനു ഇഷ്ടമല്ലായിരിക്കാം. ശേഷമുള്ളവർ അതിലെന്താണ് ചെയ്യുക.

മുണ്ടൻ—പക്ഷേ, അവനു ബാക്കിയുള്ളവരെ മുടക്കേണ്ടകാര്യമെന്താ?

സോ—ബലികഴിക്കുന്നതിൽ വിശ്വാസമുള്ളവർ കഴിച്ചുകൊള്ളട്ടെ. അധർമ്മമാണെന്നുതോന്നുന്നവരെ നിർബ്ബന്ധിക്കുന്നതു ന്യായവുമല്ലല്ലോ.

ആണ്ടി—അങ്ങിനെയായാൽ ചേരിയിൽ തോന്നിയതു പ്രവർത്തിക്കാമെന്നായ്തീരുകയില്ലേ. സംഘക്കെട്ടിനു ഉടച്ചിലും തട്ടിയേക്കാം. അതിനാൽ ഈ കാര്യത്തിൽ ഭയപ്പെടുത്തിയും ഉണ്ടാക്കിത്തന്നാൽ കൊള്ളാം.

സോ—ആവട്ടെ. നന്തനെ വരുത്തി വേണ്ടുന്നതു ഞാൻ ചെയ്യുകൊള്ളാം.

ഇതു ഉദ്ദിഷ്ടകാര്യസിദ്ധിക്കു പര്യാപ്തമായ്തീരുമോ എന്നതു സംശയഗ്രസ്തമാണെന്നു വിചാരിച്ച് സോമശർമ്മാവിനെ കോപാന്ധനാക്കിത്തീർക്കുന്നതിനു അവർ ശ്രദ്ധമായി മുൻ ആലോചിച്ചു തീർച്ചയാക്കിയപ്രകാരം അദ്ദേഹത്തിനു വ്യക്തമായി കേൾക്കത്തക്കവണ്ണം അവർ തമ്മിൽ തഴെ പറയും പ്രകാരം ഒരു സംഭാഷണം നടത്തി.

മുണ്ടൻ—തമ്പുരാന്റെ കൃഷിയിലെ വെള്ളം അടുത്ത കൃഷിക്കാർ കൊണ്ടുപോയതുംകൂടി അറിയിക്കേണ്ടതല്ലേ?

മാലൻ—തമ്പുരാൻ ഒരു പക്ഷേ ഇപ്പറയുന്നതു ഏഷണിയായിരിക്കുമെന്നു ധരിച്ചേക്കാം. തന്നത്താൻ അറിഞ്ഞുകൊള്ളട്ടെ. അതാണു നല്ലതു.

വേലൻ—അതല്ലാ. തമ്പുരാൻ അറിയുന്നതിനുമുമ്പ് വെള്ളത്തിനു ഏർപ്പാടു ചെയ്യുന്നതായിരിക്കും നല്ലതു എന്നു

ഞാൻ പറഞ്ഞപ്പോൾ ആരുടെ കഞ്ഞിയാണു കുടിക്കുന്നതു എന്നു അവൻ ഓത്തിട്ടാണോ മറുപടി പറഞ്ഞതു്.

മാലൻ—എന്നാൽ കേൾപ്പിച്ചേക്കു.

ഇവരുടെ സംഭാഷണം ഇത്രയായപ്പോഴയ്ക്കും ക്ഷമയില്ലാതെ സോമശർമ്മാവു് "നിങ്ങൾ എന്താണ് പറയുന്നതു? ഞാനുംകൂടി അറിയട്ടെ. ഉറക്കെ പറയുവിൻ" എന്നു പറഞ്ഞു.

വേലൻ—എല്ലാം മുണ്ടൻപറയും.

മുണ്ടൻ—ഇവിടെ നില്ക്കുന്നവക്കെല്ലാം അറിയാമല്ലോ. ഞാൻ തന്നെ പറയേണമെന്നുണ്ടോ?

സോമ—അതില്ല. ആരുപറഞ്ഞാലും വേണ്ടതില്ല എനിക്കുംകൂടി കേട്ടാൽ കൊള്ളാമെന്നേയുള്ളൂ.

മുണ്ടൻ—വൈഷമ്യമുണ്ടായിട്ടല്ല പറയാത്തതു. വാസുവത്തിൽ ഉണ്ടായകായ്മാണ് പറയുന്നതെങ്കിലും ഏഷണിയാണെന്നു തമ്പുരാൻ ധരിച്ചാലോ എന്നു വിചാരിച്ചാണ് മടിക്കുന്നതു.

സോ—ഏ! അങ്ങിനെയില്ല. കേൾക്കട്ടെ.

മുണ്ടൻ—ഇവിടത്തെ കൃഷിയിലെ വെള്ളം അയൽ കൃഷിക്കാർ കൊണ്ടുപോയി. ഇനിവെള്ളം വേണമെങ്കിൽ നാലഞ്ചു വിളിപ്പാടു ദൂരത്തുള്ള ഏരിയിൽനിന്നു തേവീട്ടുവേണം കൊണ്ടുവരുവാൻ.

സോ—നന്ദൻ അവിടെ ഇല്ലേ?

വേലൻ—നന്നായി. അവനു ഇതിനു ഇടയുണ്ടോ? ശിവനാമം തിരുപ്പങ്കോവിൽ ദർശനം എന്നും മറ്റും പറഞ്ഞു ചേരിയിലുള്ള ചാരം മുഴുവനും വാരിപൂശി തെക്കും വടക്കും നടക്കുകയല്ലാതെ തിന്നുന്ന ചോറിനു കൂറുണ്ടോ?

സോമ—അവൻ അറിഞ്ഞില്ലെന്നുണ്ടോ?

വേലൻ—അതില്ലാ. വിവരം ഞാൻ അവനെ ധരിപ്പിച്ചു.

സോമ—അതിന്നു അവൻ എന്താണ് പറഞ്ഞതു്?

വേലൻ—അതൊന്നും ഇവിടെ കേൾപ്പിക്കുന്നതു ഭംഗിയല്ല. അവൻ ഞങ്ങളേ എന്നല്ലാ തമ്പുരാനെക്കൂടി കുറച്ചധിക്ഷേപിച്ചാണ് സംസാരിച്ചതു്. അതെല്ലാം ഇവിടെ കേൾപ്പിച്ചു് എന്തിന്നാണ് തമ്മിൽത്തമ്മിൽ വൈരം മൂപ്പിക്കുന്നതു്.

ഇതുകേട്ടു സോമശർമ്മാ പാടല്ലാതെ കോപിച്ചു് മതിമറന്നു "ഞാൻ ആരാണെന്നു അവനു മനസ്സിലായിട്ടില്ലാ; അല്ലേ! കാണിച്ചുതരാം" എന്നുപറഞ്ഞു് ഉടനെ കളത്തിലേക്കു പുറപ്പെട്ടവാൻ തീർച്ചയാക്കി. ഇക്കൂട്ടരും, അതക്കിതമായി തങ്ങളുടെ കാര്യം സാധിച്ചുവെന്നു വിചാരിച്ചു് സന്തുഷ്ടചിത്തരായി സോമശർമ്മാവിനോടു യാത്രയും പറഞ്ഞു സന്ധ്യക്കു മുമ്പു് മേരിയിൽചെന്നു വേറെ ചില തന്ത്രങ്ങളുംകൂടി പ്രയോഗിക്കണമെന്നു തിർച്ചയാക്കി ധൃതിപ്പെട്ടു നടന്നുതുടങ്ങി.

"ദൈവീ വിചിത്രാ ഗതിഃ" എന്നല്ലാതെ ഈ അവസരത്തിൽ എന്തൊന്നാണ് പറയേണ്ടതു്? ആശ്രിതനെ പ്പാറി ഏഷണിപറയുന്തോറും അവനിൽ വാത്സല്യം പൂർവ്വാധികം പ്രദർശിപ്പിക്കുന്ന യജമാനനെ ഇതിലുമധികം നല്ലതായി വേറെ ഏതൊരു നയംകൊണ്ടാണ് വഞ്ചിക്കുവാൻ സാധിക്കുക. മഹത്തരന്മാരായ പൂർവ്വപുരുഷന്മാർ കഷ്ടപ്പെട്ടു നേടിവെച്ച ധനം കൂസലെന്നിയേ അധർമ്മവും അന്യായവുമായ കാര്യങ്ങൾക്കായി വിനിയോഗിച്ചു് ഹിതവും പഥ്യവുമായ കാര്യങ്ങളെ ബുദ്ധിയിൽ പെട്ടേടത്തോളം ഉപദേശിച്ചും ന്യായമായ സാല്പജീവിതത്തെ കാംക്ഷിച്ചും

സ്വാമിഭക്തിയോടുകൂടി വേലയെടുത്തുവരുന്ന ആശ്രിതന്മാരെ കണ്ണീരും കയ്യുമാക്കി വിടുന്ന ജളപ്രഭുക്കളും അന്നും ഇന്നും ലോകത്തിൽ എത്രയോ ഉണ്ട്! എന്നാൽ അറിവും നെറിവും നേടി നിലയും വിലയും തികഞ്ഞ മഹാന്മാരുടെ ദൃഷ്ട്യാ ഇവർ വെറും സാലഭഞ്ജികകൾ മാത്രമാണത്രേ.

ചേരിയിൽ മടങ്ങിച്ചെന്ന പുലയർ നന്തനെ അന്വേഷിച്ചതിൽ അവൻ തിരുപ്പുങ്കൂർ ക്ഷേത്രത്തിലേക്കു പ്രദോഷദർശനത്തിനായി പോയിരിക്കുന്നുവെന്നറിഞ്ഞു. ഇതുതന്നെ തരമെന്നു കരുതി "നന്തൻറെ വാഷ്പികോത്സവനിരോധം സോമശർമ്മാവിനു നിസ്സീമമായ കോപം ജനിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിൻറെ തീവ്രമായ ശിക്ഷയ്ക്കു നന്തൻ പാത്രമായ്ത്തീർന്നേയ്ക്കാമെന്നും" ഒരു കിംവദന്തി ചേരിയിൽ പരത്തി. എന്നുമാത്രമല്ല നന്തനോടു സോമശർമ്മാവിനു ദ്വേഷം വർദ്ധിക്കുന്നതിനു വേണ്ട തന്ത്രങ്ങളും മുഴുവനും പ്രയോഗിച്ചു കൃതകൃത്യരായി സോമശർമ്മാവിൻറെ ആഗമനവും പ്രതീക്ഷിച്ചിരുപ്പായി. സന്ധ്യ മയങ്ങിയതോടുകൂടി സോമശർമ്മാവും കൃഷിസ്ഥലത്തെത്തി നോക്കിയപ്പോൾ വയലിൽ ഒരു തുള്ളി വെള്ളംപോലും കാണ്മാനുണ്ടായിരുന്നില്ല. കഷ്ടം! അന്യനെ കുണ്ടിൽചാടിച്ച് സ്വാർത്ഥംനേടി കൃതാർത്ഥരെന്നഭിമാനിക്കുന്ന ദുർജ്ജനശിരോമണികൾക്കു എന്തൊന്നാണ് ദുഷ്കരമായിട്ടുള്ളത്. നന്തനെ ആളയച്ചു അന്വേഷിച്ചതിൽ ചേരിയിൽ ഇല്ലെന്നും പ്രദോഷദർശനത്തിനായി തിരുപ്പുങ്കൂർക്കു പോയിട്ടുണ്ടെന്നും സോമശർമ്മാവിനു് അറിവുകിട്ടി. തന്മൂലം പതിന്മടങ്ങു രോഷാന്ധനായിച്ചമഞ്ഞ സോമശർമ്മാവിൻറെ മുമ്പിൽ മുൻപറഞ്ഞകൂട്ടർ ചാടിവീണു. അദ്ദേഹം നന്തനെ കണക്കിലധികം വെറുക്കുന്നതിനു അവസരോചി

തംപോലെ പലേസാമഗ്രികളും തയ്യാറാക്കാതിരുന്നില്ല. സോമശമ്മാവാകട്ടെ കോപപരവശനായി ഒന്നും മിണ്ടാതെ സ്വഗൃഹത്തിലേക്കുതന്നെ തിരിച്ചു. മേൽ പ്രവൃത്തിക്കേണ്ടതെന്തെന്നു ആലോചിച്ചുകൊണ്ടു സോമശമ്മാവു് അനിമേഷനായിത്തന്നെ രാത്രികഴിച്ചുകൂട്ടി.

ഗോരോചനം, കർപ്പൂരം, പഴം മുതലായ പൂജാദ്രവ്യങ്ങളെടുത്തു ആതന്തരിൽനിന്നു രണ്ടരനാഴിക ദൂരത്തുള്ള തിരുപ്പുങ്കൂർ ക്ഷേത്രത്തിൽ പ്രദോഷത്തിന്നായി പോയിരിക്കുന്ന നന്തനാർ സ്ഥിതിയെന്തെന്നും അന്വേഷിക്കേണ്ടതാണല്ലോ.

കുളിച്ചു് ഭസ്മവും രുദ്രാക്ഷവും ധരിച്ചു് തനാർ ചെങ്ങാതിമാരൊന്നിച്ചു് "ഹര ഹര ശിവ ശിവ" എന്നു കഴിയുന്നതും ഉച്ചത്തിൽ ഉച്ചരിച്ചുകൊണ്ടു പ്രദോഷത്തോടുകൂടി തിരുപ്പുങ്കൂറിൽ എത്തിയ നന്തൻ ക്ഷേത്രത്തിന്നു പുറത്തുകൂടി പ്രക്ഷിണവും കഴിച്ചു് ഗോപുരദ്വാരത്തിൽ ചെന്നു് പൂജയ്ക്കുള്ള ഗോരോചനംമുതലായ കുങ്കുമവശം കൊട്ടത്തയച്ചു ശിവനാമവും ജപിച്ചുകൊണ്ടു അവിടെത്തന്നെ ഇരുന്നു. അന്നു പ്രദോഷമായിരുന്നതുകൊണ്ടു വിശേഷാൽ വിളക്കു മാലമുതലായതുണ്ടായിരുന്നു. സൂര്യൻ അസ്തമിക്കുന്നതോടുകൂടി ജനതകികളും ധൃതിയായി കൂടിത്തുടങ്ങി. അവിടെ മുഴങ്ങിത്തുടങ്ങിയ "ഹര ഹര ശിവ ശിവ" എന്ന ഘോഷം ഏതുനാസികനാർ ഹൃദയത്തേയും ആകമാനം ഇളക്കിമറിക്കുവാൻ പര്യാപ്തമായ്തീർന്നു. ഗോരോചനം മുതലായ സുഗന്ധദ്രവ്യങ്ങളുടെ സൌരഭ്യം അകത്തുനിന്നും പുറത്തു വീശിത്തുടങ്ങി. ദീപാരാധനാസമയവുമായി. ശിവന്റെ ബിംബം കാണുന്നതിന്നു നന്തൻ തിരിഞ്ഞും മറിഞ്ഞും അകത്തേക്കുനോക്കി.

എല്ലാ ശിവക്ഷേത്രങ്ങളുടെയും പുരോഭാഗത്തിൽ ശിലകൊ
ണ്ടു വൃഷഭങ്ങളുടെരൂപം കൊത്തിവെച്ചുണ്ടായിരുക്കുന്നതു
പോലെ ആ ക്ഷേത്രത്തിലും ഉണ്ടായിരുന്നു. എന്നാൽ അതു
വളരെ വലുതായിരുന്നതിനാൽ നന്ദനു ഒട്ടും അകത്തുള്ളതു
കാണ്മാൻ സാധിച്ചില്ല. നന്ദൻ കുറച്ചുനേരം സ്തുതിക്കും; ഉട
നെ കരയും. അപ്പോൾതന്നെ അടിയറവു മർംപോലെ താഴ
ത്തുവീണു നമസ്കരിക്കും. ഹീനജാതിയിൽ ജനിച്ച തനിക്കു
ഭഗവദ്ദർശനംകൂടി അലഭ്യമെന്നുണ്ടോ? എന്നും മറ്റും പറ
ഞ്ഞു കരഞ്ഞു സ്തുതിച്ചുതുടങ്ങി.

പങ്കജാസനപൂജിത ശങ്കര,
പങ്കജായുധ മർദ്ദനകാരണ
പങ്കജവരനന്ദന നാശന;
പങ്കം പോക്ക മേ ശങ്കര പാഹിമാം. 1

മുജ്ജന്മങ്ങളിലന്ധതകൊണ്ടുഞാ—
നാർജ്ജിച്ചുള്ളോരു പാപങ്ങൾ മൂലമായ്
ഇജ്ജന്മത്തിലനുഭവമിങ്ങിനെ
സജ്ജമായതു ശങ്കര പാഹിമാം. 2

നിൻകഴൽതളിരെൻകരളിങ്കലേ
തങ്കിടായ്കയാൽ സങ്കടമുണ്ടുമേ
മങ്ക തങ്കമെന്നോരോരോ ചിന്തയാൽ
ഞാൻ കുഴഞ്ഞല്ലോ ശങ്കര പാഹിമാം. 3

തുമ്പചാർത്തുമെൻ തമ്പുരാനേ നിന്റെ
യമ്പലത്തിലുമൊന്നുകാൽ വെയ്പ്പവാൻ
എൻപിറവി പറയനായ് പോകയാൽ
പാടില്ലാതെയായ് ശങ്കര പാഹിമാം. 4

എന്നാലുമെങ്ങു നിന്നാലുമങ്ങയെ
മന്ദമഠംഭജിയ്ക്കുവാൻ സന്തതം
എന്നിൽ തോന്നീടുമിച്ഛപോലെവരം
തന്നീടണമേ ശങ്കര പാഹിമാം. 5

ഇപ്രകാരം നന്തൻ താഴത്തുവീണു സ്തുതിച്ചു എഴുന്നീറ്റ് ശിവദർശനം തൽക്കാലം സിദ്ധിച്ചില്ലെങ്കിലും അടുത്ത ഭാവിയിലെങ്കിലും സാധിച്ചുകൊള്ളാമെന്നു ധൈര്യപ്പെട്ടു കൂട്ടുകാരോടുകൂടി മടങ്ങി. കരുണാവാരിധിയായ ശിവൻറെ പ്രീതിക്കു എല്ലാ ജീവജാലത്തിനും പൊതുവെ ഉപയുക്തമായിരുന്നവിധത്തിൽ താൻ എന്തെങ്കിലും ഒരു പ്രവൃത്തി ചെയ്യേണ്ടതാണെന്നു നന്തനു പെട്ടെന്നുതോന്നി. സ്നാനപൂജാദികർമ്മങ്ങൾക്കു എന്നല്ലാ ജീവസന്ധാരണത്തിനുതന്നെ അത്യന്താപേക്ഷിതമായ ജലം ധാരാളമുള്ള ഒരു തടാകമോ മറ്റോ അടുത്ത പ്രദേശത്തെങ്ങുമില്ലാത്തതിനാൽ ആയതിനെ നിർമ്മിക്കുന്നതായിരിക്കും തൻറെ കർത്തവ്യകർമ്മങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളതെന്നു നന്തൻ തീർച്ചയാക്കി. സഹചരന്മാരേ വിവരം ധരിപ്പിച്ചു. അവരും ഐകകണ്ഠ്യേന ആ അഭിപ്രായത്തോടു യോജിക്കുകയാൽ ഉടനെതന്നെ പരിസരസ്ഥലങ്ങൾ ചെന്നുനോക്കിക്കണ്ടതിൽ അടുത്തുണ്ടായിരുന്ന ഒരു കൊക്കരണി കാടുംപടലവും പിടിച്ചു് തീരെ അനുപയുക്തമായ വിധത്തിൽ കിടന്നിരുന്നതു വെട്ടിത്തെളിയിച്ചു് വലിയ ഒരു ഏരിയാക്കുന്നതായിരിക്കും നല്ലതെന്നു തീർച്ചയാക്കി. അവരെല്ലാവരും ചോരത്തിളപ്പും കൈമുട്ടുകുത്തുള്ള വെറുപ്രായക്കാരാകയാൽ അന്നുരാത്രിതന്നെ പണിതുടങ്ങണമെന്നും പുലരുംമുമ്പെ ഉദ്ദിഷ്ടവിധത്തിൽ ഒരു ഏരി ഉണ്ടാക്കിത്തീർക്കണമെന്നും നിശ്ചയിച്ചു് വളരെ ശുഷ്കാന്തിയോടുകൂ

ടി ജോലിയിൽ ഏർപ്പെട്ടുകയും ചെയ്തു. കൊട്ട, കൊട്ടവാൾ, കൈക്കോട്ട്, പിക്കം തുടങ്ങിയ ഉപകരണങ്ങൾ എവിടെ നിന്നു സമ്പാദിച്ചുവെന്നറിവില്ല. പിറേദിവസം പുല രുന്നതോടുകൂടി തലേന്നാൾ വൈകുന്നേരത്തെ കൊക്കരണി വലിയ ഒരു ഏരിയാവുക കഴിഞ്ഞു. ദൈവസഹായത്തോടു കൂടിയ പൌരുഷത്തിനു എന്തൊന്നാണ് അസാദ്ധ്യമായിട്ടുള്ളത്?

നന്തൻദിവസം പുലർച്ചെ നിർമ്മാല്യദർശനവുംകഴിച്ചു ഉദി ച്ചുയരുന്നതോടുകൂടി ചേരിയിൽ എത്തിച്ചേർന്നു. നന്തൻ ഗൃ ഹത്തിൻറെ ഉമ്മറത്തു എത്തുമ്പോഴയ്ക്കു സോമശർമ്മാവിൻറെ കിങ്കരരിൽ ഒരുവൻ നന്തനെ കാത്തുനില്ക്കുന്നതായി കണ്ടു. സ്വാമിയുടെ കല്പന ശ്രവിച്ചമാത്രയിൽ ആ ഭൃത്യനൊരുമി ച്ചു ചേരിക്കു സമീപത്തിലുള്ള കളത്തിൽ എത്തി സോമശ ർമ്മാവിനെ വന്ദിച്ചു. സാധാരണ പ്രസന്നവദനനായി കാ ണാറുള്ള സോമശർമ്മാവിൻറെ മുഖത്തു കോപം വിളയാടിയി രുന്നു. പരുഷാക്ഷരങ്ങളോടുകൂടി നന്തനെ അഭിസംബോധ നംചെയ്തു "നിൻറെ കൂളിയും നാമവും ഞാൻ നിറത്തിത്ത രാം. കൂലിക്കു പാത്രം നിറത്തിയാൽ പോരാ. കുറേശ്ശ പ ണിയും എടുക്കണം. എവിടെക്കാണ് ഇന്നലെ കടന്നു പോയത്" എന്നു ഉച്ചത്തിൽ സ്വരം മൂപ്പിച്ചു ചോദി ച്ചു. നന്തൻ പാടല്ലാതെ പരിഭ്രമിച്ചു കോപത്തിൻറെ നി ദാനം മനസ്സിലാവാതെ അമ്പരന്നു നിന്നുപോയി. "എ ന്താടോ! ഇടിവെട്ടിയ മരംപോലെ നില്ക്കുന്നത്? പാട ങ്ങളിൽ വെള്ളം ഇല്ലെങ്കിൽ നിനക്കെന്താ അല്ലെ? ആക ട്ടെ—ഞാൻ കാണിച്ചുതരാം" എന്നു കോപസ്ഫുരിതാധരനാ യി തുടർന്നു പറഞ്ഞു. ഇന്നലെ താൻ തിരുപ്പുക്കു പോ

DR. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

കമ്പോഠം വെള്ളം വേണ്ടുവോളം പാടങ്ങളിൽ കെട്ടിനിറ
ത്തീട്ടാണ് പോയതെന്നും വെള്ളം തുറന്നുകൊണ്ടു പോയിട്ട
ണ്ടെങ്കിൽ ദ്രോഹബുദ്ധികളായ ഏതാനും ചില അസൂയാലു
ക്കളുടെ നീചപ്രവൃത്തിയായിരിക്കാമെന്നും താൻ വെള്ളത്തി
ന്നു വേണ്ട എല്പ്പാടുകൾ ചെയ്തുകൊള്ളാമെന്നും മറ്റും നാ
ന്തൻ വളരെ കിഴിഞ്ഞു കേണപ്പേക്ഷിച്ചതൊന്നും സോമശർമ്മാ
വ് കേട്ടതേയില്ല. "നാളെ പ്രകാശത്തിന്നു വയലുകളിൽ
വെള്ളം കാണാതിരുന്നാൽ കുടി ചെടിയാക്കും! പോ! ഇവി
ടെ കാണരുത്! അധമാധമ, എന്റെ മുമ്പിൽ നില്ക്കരുത്"
എന്നു ഇടവും വലവും നോക്കാതെ കായ്ത്തിന്റെ ഗുണ
ദോഷങ്ങളും വിചാരിയാതെ സ്വാമി കല്പിച്ചതുകേട്ട നന്തൻ
വിഷണ്ണനായി മടങ്ങി. വയലിന്നു വേണ്ട വെള്ളം ഏതു
യോ ദൂരത്തിലുള്ള തടാകത്തിൽനിന്നു തേവിക്കൊണ്ടുവരേ
ണ്ടിയിരുന്നതിനാൽ ഏകാകിയായ നന്തന്നു അതു ദുസ്സാധ
മായി തോന്നി. അതിനാൽ വേറെ ചിലരുടെ സഹായം
അപരിഹരണീയമായ്ത്തോന്നി. സോമശർമ്മാവു നന്ത
നെ കഠിനമായി ശിക്ഷിക്കുവാൻ പോകുന്നുണ്ടെന്നും, ചേരി
യിലെ ഈ കുഴപ്പത്തിന്നു കാരണഭൂതന്മാരായ എല്ലാവരേയും
തീവ്രമായി ദണ്ഡിക്കേണ്ടതിനെപ്പറ്റി ഗ്രാമത്തിൽ യോഗം
കൂടുന്നുണ്ടെന്നും നന്തന്റെ സ്ഥിതി വളരെ ശോചനീയമാ
യിത്തീർന്നിരിക്കുന്നുവെന്നും നാട്ടിൽ പരക്കെ പ്രസ്താവമാവു
ക കുഴിഞ്ഞിരിക്കുന്നു. നന്തനെ കണ്ടവരെല്ലാം പരിഹസി
ച്ചുതുടങ്ങി. ഏതായാലും ഏകനായി നിർവ്വഹിക്കുവാൻ സാ
ദ്ധ്യമല്ലാത്ത ഒരു പ്രവൃത്തി താൻ നടത്തേണ്ടതായി വന്നി
രിക്കയാൽ സ്വപരിചിതന്മാരോടും ബന്ധുക്കളോടും സഹാ
യം ആവശ്യപ്പെടുകതന്നെ എന്നു തീർച്ചയാക്കി. പക്ഷേ,

ചിലർ നന്തന്റെ അഭ്യുത്ഥനയെ തീരെ നിരസിച്ചു. മറ്റു ചിലർ ചേരിയിലെ വൃദ്ധന്മാരെ ഭയപ്പെട്ടു ഒതുങ്ങി. ഇപ്രകാരം അസഹായനായിത്തീർന്ന നന്തൻ ഏകാകിയായി ബഹുജനസാധ്യമായ ജോലി എടുക്കുന്നതിനു തീച്ചയാക്കി പുറപ്പെട്ടു. പകൽ മുഴുവനും ഒരുനിമിഷംപോലും കളയാതെ നിരാഹാരനായി പ്രവൃത്തിയെടുത്തു. താൻ എടുക്കുന്ന പ്രവൃത്തി സഫലമോ നിഷ്ഫലമോ ആയിത്തീരുക എന്നതുമാനിക്കുന്നതിനുംകൂടി അതേവരെ എടുത്ത പ്രവൃത്തിയിൽനിന്നു സാധിച്ചില്ല. സന്ധ്യയായിട്ടും നിരാശപ്പെടാതെ അതേജോലിയിൽ പൂർവ്വാധികം ശുഷ്കാന്തിയോടെ വ്യാപൃതനായിരുന്നതല്ലാതെ ആഹാരത്തേയോ ഗൃഹത്തേയോ പറ്റി ചിന്തിച്ചതേയില്ല. നേരം ഇരുട്ടായി. ഒരടിപോലും നടക്കുവാൻ കഴിവില്ലാത്ത നന്തന്റെ അച്ഛനമ്മമാർ മകനുപറ്റിയ അപകടത്തെ കേട്ടു വ്യസനിക്കുകയല്ലാതെ എന്തൊന്നാണ് ചെയ്യുക. അർദ്ധരാത്രിയും കഴിഞ്ഞു. "ശിവശിവ തിരുപ്പുംകുർ വാഴും ഭഗവാനേ! അങ്ങയെ ഭജിക്കുന്നതിനു കൊതിച്ചു സന്നിധിയിലേക്കു വന്ന എനിക്കു ഇതാണോ ഫലം! ഞാൻ എന്തുചെയ്യേണ്ടു! സർവ്വഥാ ഞാൻ അങ്ങയെ ശരണംപ്രാപിച്ചിരിക്കുന്നു. അനാഥനായ എന്നെ കൈവിടരുതേ" എന്നിങ്ങനെ വിലപിച്ചിട്ടും സ്തുതിച്ചിട്ടും യാതൊരു ഫലവും കാണാതെ അന്ധനായിച്ചമഞ്ഞ നന്തൻ നിരാഹാരനായി കഠിനമായ പ്രവൃത്തിയെടുത്തിരുന്നതിനാൽ ക്ഷീണംനിമിത്തം മയങ്ങി വീണുപോയി.

അതിരാവിലെ വയലിന്റെ സ്ഥിതി അറിയുവാൻ തപ്പയോടുകൂടിവരുന്ന സോമശർമ്മാവും ചേരിയിലെ നന്തൻ

DR. P. C. C. PILLAI.
PATTOOR, TRIVANDRUM.

ത്രുക്കളും വയലിൽവെച്ച് ഒന്നിച്ചു കണ്ടുമുട്ടി. അവരെല്ലാവരുംകൂടി വയൽ മുഴുവനും നടന്നുനോക്കിയപ്പോൾ ആശ്ചര്യം! വെള്ളം നിറഞ്ഞുനില്ക്കുന്നതായിക്കണ്ടു. ഉടനേതന്നെ നന്തനെ അന്വേഷിച്ചു പുറപ്പെട്ടതിൽ തടാകത്തിന്റെ വക്കത്തുകിടന്നുറങ്ങുന്നതായിക്കണ്ടു. അവനെ വിളിച്ചുണർത്തി നിസ്സഹായനായി ഈ പ്രവൃത്തി എങ്ങിനെ നിർവ്വഹിച്ചുവെന്നു ചോദിച്ചതിന്ന് തനിക്കു കഴിയുന്നതും പ്രയത്നിച്ചുവെന്നും ഒരു ദിവസത്തെ ഇടകൂടി താരണമെന്നുമായിരുന്നു നന്തന്റെ മറുപടി. ആയതു സോമശർമ്മാവിനെ കളിയാക്കി പറഞ്ഞതാണെന്നും ചേരിയിലെ ചെറുപിള്ളർ രാത്രി ഗൂഢമായി സഹായിച്ചിട്ടുണ്ടെന്നും നന്തശത്രുക്കൾ വ്യാഖ്യാനിച്ചു. സോമശർമ്മാവ് കോപാക്രാന്തനായി "എടാ വികൃതി! പാടങ്ങളിൽ വെള്ളംനിറഞ്ഞു നില്ക്കുന്നു. എന്നെ കളിയാക്കുവാൻ ഉത്സാഹിക്കയാണോ?" എന്നു അധിക്ഷേപിച്ചു പറഞ്ഞു. "അങ്ങു കല്പിക്കുന്നതു ശരിയാണെങ്കിൽ തിരുപ്പുകൂർവാഴും ഭഗവാന്റെ കരുണയെന്നല്ലാതെ പറയുവാൻ ഞാൻ വേറെയൊന്നും കാണുന്നില്ല" എന്നു നന്തനും സവിനയമറിയിച്ചു.

സോമശർമ്മാവാകട്ടെ തന്റെ ആജ്ഞാശക്തിയുടെ അപ്രതിഭടതയാണെന്നഭിമാനിച്ച് "നന്താ! ഇനിമേൽ സൂക്ഷിച്ചുകൊള്ളുക" എന്നു കല്പിച്ച് ദ്വിഗുണീകൃതമായ പ്രഭുശക്തിയെ പ്രദർശിപ്പിച്ചുംകൊണ്ടു കിങ്കരനോടുകൂടി ഗൃഹത്തിലേക്കു മടങ്ങി. പൊറും പാവയായ സോമശർമ്മാവിനെ കളിപ്പിച്ചു തങ്ങളുടെ അഭീഷ്ടം മുഴുവനും സാധിച്ചുവെന്നു കരുതി സന്തോഷിച്ച് നന്തശത്രുക്കളും ചേരിയിലേക്കു തിരിച്ചു.

അടിമത്തത്തിൽപെട്ടഴലുന്ന നന്ദൻ സ്വാമിയുടെ കായ്യം വീഴ്ചകൂടാതെ നടത്തിയും മാതാപിതാക്കന്മാരെ ശുശ്രൂഷിച്ചും തരംകിട്ടുമ്പോഴെല്ലാം ശിവനാമം ഉച്ചരിച്ചും പ്രദോഷാവസരങ്ങളിലെല്ലാം തിരുപ്പുങ്കൂർ ദർശനം ചെയ്യും കാലം കഴിച്ചുപോന്നു. പിന്നീട് പലേ പ്രതിബന്ധങ്ങളാലും വാർഷികോത്സവനിരോധത്തിനു വേണ്ടപോലെ പ്രവർത്തിക്കുവാൻ സാധിക്കാതെവന്നു. വാർദ്ധക്യനിമിത്തം ആസന്നമരണനായിക്കിടന്നിരുന്ന പിതാവ് കാലതാമസമെന്നിയെ പരലോകഗതനായി. പലതരത്തിലും ബുദ്ധിമുട്ടിൽ അകപ്പെട്ടുവെങ്കിലും ലേശംപോലും മാഞ്ചല്യംകൂടാതെ നന്ദൻ തന്നെ സംബന്ധിച്ചിടത്തോളം വാർഷികവേലയിൽ പങ്കു കൊണ്ടതേയില്ല. ഈ അവസരങ്ങളിലെല്ലാം ശിവദർശനം മുട്ടാതെ നടത്തിയിരുന്നു.

അച്ഛൻ മരിച്ചു. കൊയ്ത്തുകാലവുമടുത്തു. തന്നോടു വാത്സല്യം പ്രദർശിപ്പിച്ചിരുന്ന സോമശർമ്മാവു പ്രതികൂലനായി ചമഞ്ഞുകഴിഞ്ഞു. ഇവ്വിധമെല്ലാം കുഴപ്പത്തിൽ പെട്ടിരിക്കെ പതിവുപ്രകാരം ഒരു ശനിപ്രദോഷത്തിനു പൂജാദ്രവ്യങ്ങളുമെടുത്തു തിരുപ്പുങ്കൂർക്ക് നന്ദൻ പോകുകയുണ്ടായി. അവിടെ എത്തി പതിവിൻപടി പൂജാദ്രവ്യങ്ങളകത്തേക്കു കൊടുത്തയച്ചു പുറത്തു പ്രദക്ഷിണനമസ്കാരാദികളും യഥാപൂർവ്വമനുഷ്ഠിച്ചുകൊണ്ടിരുന്നു. തനിക്കു വേണ്ടപ്പെട്ട സകലജനങ്ങളും എന്നല്ല, സ്വാമിയായ സോമശർമ്മാവുകൂടി വിരോധിയായി ചമഞ്ഞതിനാലും അച്ഛന്റെ പരലോകഗതിയാലും ഇതികർത്തവ്യതാവിമൂഢനായി ചമഞ്ഞിരിക്കയാൽ പതിവിലധികം ഉള്ളുലിഞ്ഞു പ്രാർത്ഥിച്ചു. ക്ഷേത്രത്തിന്റെ പുറത്തുനില്ക്കുന്നവർക്കു ഒരു തരത്തിലും അകത്തുള്ളതു കാണു

വാൻപാടില്ലാത്തവിധം നന്ദി പ്രതിഷ്ഠിതമായിരുന്നതിനാൽ ഹീനജാതിയിൽ പിറന്ന തന്റെ ജന്മത്തെ നിന്ദിച്ചുംകൊണ്ടു ഏതു കഠിനഹൃദയന്റേയും മനസ്സലിയത്തക്കവണ്ണം നിലത്തുവീണു സ്തുതിച്ചുതുടങ്ങി.

നാളും നാളുംഞാൻ താവകപാദാം-
ഭോരുഭുള്ളമോടേവം ഭജിയ്ക്കിലും
കാളവാഹന! നിൻകനിവെന്തയ്യോ
നൽകിടാത്തു മേ ശങ്കര പാഹിമാം. 1

മാമലമകൾ പണ്ടുമഹാദേവ
ദേഹമല്ലേ പകുത്തു വാങ്ങിച്ചതും
നിൻകരുണയും പ്രീതിച്ചുവാങ്ങിയോ
ദേവി ശങ്കരി ശങ്കര പാഹിമാം. 2

പന്തുമേവംനിൻബിംബത്തെപ്പോലുമി-
ന്നന്തരായമായ്വന്നു ദർശിക്കുവാൻ
എന്റെ മുജ്ജന്മപാപങ്ങളോരോന്നായ്
മുന്നിൽനില്ക്കുന്നു ശങ്കര പാഹിമാം. 3

ശ്രീലകത്തുതെളിയുന്ന ദീപത്തിൻ
നാളവുമൊന്നുകാണാതെയാംപടി
കാളകണ്ഠ കരുണാനിവാസ മേ
കാളയോ തവ ശങ്കര പാഹിമാം. 4

ധിക്കൃതാംശജനാകിലുമിങ്ങതി-
ധിക്കൃതാമരൻ രാവണനല്ലിവൻ
തൃക്കൺപാക്കായ്കിലെൻകെടുകായത്തെ
ധിക്കരിച്ചീടുന്നാം ശങ്കര പാഹിമാം. 5

എന്നിപ്രകാരം സ്തുതിച്ചുകൊണ്ടു എഴുനീറ്റുനോക്കുമ്പോൾ ആശ്ചര്യം! നന്ദി മുമ്പുണ്ടായിരുന്ന സ്ഥലത്തുനിന്നു അല്പം ദക്ഷിണഭാഗത്തേക്കായി നീങ്ങിയിരിക്കുന്നു. ഭക്തർക്കുവേണ്ടി ഭഗവാൻ എന്തുതന്നെ ചെയ്യുകയില്ല! നന്ദി മാറിയതിനാൽ ശിവദർശനം സുലഭമായ്ത്തീർന്നു. നന്ദൻ സന്തോഷം പൊറുക്കുവയ്യാതെ സ്തുതംചെയ്തുതുടങ്ങി. നന്ദി മാറിയതും നന്ദൻ സ്തുതിച്ചതും നാട്ടിൽ പാട്ടായ്ത്തീർന്നു. നന്ദശത്രുക്കൾ അതിലും വിശ്വാസാനർഹതയെ ഘോഷിക്കാതിരുന്നില്ല. അനാവൃഷ്ടിനിമിത്തം തപിച്ചുകിടക്കുന്ന വേഴാമ്പലിന്നു അതക്കിതോപനതമായ കാളമേഘദർശനംപോലെയായിരുന്നു നന്ദന്നു ഈ ശിവദർശനം. വിചാരിയാതെ സംഭവിച്ച ഈ ദർശനത്താൽ സന്തുഷ്ടാന്തരംഗനായ നന്ദൻ ചേരിയിലേക്കു മടങ്ങി തന്റെ ജോലിയിൽ വേണ്ടുംവണ്ണം ശ്രദ്ധപതിപ്പിച്ചും ശിവനെ തനിക്കറിയുമ്പോലെ സ്തുതിച്ചും പൂജിച്ചും കാലം നയിച്ചുപോന്നു.

നാലാം അദ്ധ്യായം

ചിദംബരമാഹാത്മ്യം

നാൾക്കുനാൾ ശിവനിൽ ഭക്തി വർദ്ധിച്ചുവന്നതോടുകൂടി നന്ദന്റെ നടവടികളിൽ പ്രതിനിമിഷം ഗണ്യമായ മാറ്റം സംഭവിച്ചുകൊണ്ടിരുന്നു. ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും നടക്കുമ്പോഴും കിടക്കുമ്പോഴും എല്ലാം ശിവസ്മരണയല്ലാതെ വേറെ യാതൊന്നുമുണ്ടായിരുന്നതേയില്ല. ചേരിയിലുള്ള എല്ലാവരോടും ശിവനാമസങ്കീർത്തനം ചെയ്യുന്നതിന്നു ന

ന്തൻ ഉപദേശിച്ചിരുന്നു. തങ്ങൾ ആരാധിച്ചുവരുന്ന ചാമുണ്ഡി മുതലായ ദൈവങ്ങളെ തീരെ കൈവിട്ടു നമുക്കു സ്വാതന്ത്ര്യം നീക്കിച്ചുവരുന്ന ബ്രാഹ്മണദൈവങ്ങളെ പൂജിക്കുന്നതു സ്വാഭാവികമായിട്ടേ ഇരിക്കുകയുള്ളുവെന്നു മറ്റു പുലയരും വാദിക്കാതിരുന്നില്ല. നന്തന്റെ കൂട്ടുകാരിൽ ചിലരൊഴികെ ചേരിയിലെ മറ്റു നിവാസികൾ ഒത്തൊരുമിച്ചു് അവന്റെ പ്രവൃത്തികളെ രഹസ്യമായും പരസ്യമായും ദുഷിച്ചും കഴിയുന്നതും അവനെ ദ്രോഹിച്ചും ചേരിയിൽ ഐകമത്യവും സമാധാനവും നിലനിർത്തുവാൻ പാടുള്ളേടത്തോളം പരിശ്രമിച്ചു. ഇങ്ങിനെ ചേരിയിലെ പുലയരുടേയും ഗ്രാമത്തിലെ ബ്രാഹ്മണരുടേയും മുഷ്കുകളേറ്റു കുഴങ്ങിയിരുന്ന നന്തൻ ഇതെല്ലാം ഭക്തിയുടെ പരിശോധനയ്ക്കോ അഥവാ ദൃഢീകരണത്തിന്നോവേണ്ടി ജഗദീശൻ ചെയ്യുന്ന പ്രവൃത്തികളാണെന്നു നിനച്ചു് ആരോടും വെറുക്കാതെ ധൈര്യമവലംബിച്ചു് കാലം ഒരുവിധം നയിച്ചുപോന്നു. അങ്ങിനെയിരിക്കെ തിരുപ്പുങ്കൂർ രഥോത്സവത്തിന്നു പ്രതിദിവസം പോകാറുണ്ടായിരുന്ന നന്തൻ ഒരു ദിവസം ക്ഷേത്രത്തിന്റെ ഒരു ഭാഗത്തു ജനങ്ങൾ തിക്കിത്തിരക്കി കൂടുന്നതു കണ്ടുവാനിടയായി. അതെന്തെന്നറിയുവാനാഗ്രഹിച്ചു് നന്തൻ അവിടെ ചെന്നന്വേഷിച്ചതിൽ പതിവുപ്രകാരം ഉത്സവകാലത്തു നടത്താറുള്ള കഥാപ്രസംഗമാണെന്നു മനസ്സിലാക്കി. ഹീനജാതിയിൽപ്പെട്ട തനിക്കു അടുത്തുചെല്ലുവാൻ പാടില്ലാത്തതിനാൽ കുറച്ചു ദൂരത്തായി അവിടെ നടക്കുന്നതു ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്നു. പ്രസംഗമണ്ഡപത്തിൽ ഇരുന്നു കഥാപ്രസംഗം നടത്തിയിരുന്നതു വളരെ ഉച്ചത്തിലാകയാൽ അനതിദൂരസ്ഥിതനായ നന്ദനു

അവിടെ പഠയുന്നതെല്ലാം വ്യക്തമായി കേൾക്കാമായിരുന്നു. ആ പ്രസംഗത്തിന്റെ ചുരുക്കം താഴെ ചേർക്കുംപോലെയായിരുന്നു.

"അല്ലയോ മഹാത്മാക്കളെ! എന്റെ ഇന്നത്തെ പ്രസംഗവിഷയം ആയ 'ചിദംബരമാഹാത്മ്യം' ഇവിടെ എത്തിച്ചേർന്നിരിക്കുന്ന എല്ലാ മഹാശയന്മാർക്കും വിദിതമായിരിപ്പാൻ ഇടയുള്ളതാണെങ്കിലും ശിവക്ഷേത്രത്തിൽ സന്നിഹിതരാകുവാൻ ഭാഗ്യം സിദ്ധിച്ച ഭക്തശിരോമണികൾക്കു ശിവസംബന്ധിയായ കഥ എന്നും നവംനവങ്ങളായിരിക്കുമെന്നതാകയാൽ കഴിയുന്നതും ചുരുക്കി ഉപന്യസിക്കാമെന്നുദ്ദേശിക്കുന്നു. സൃഷ്ടിസ്ഥിതിവിലയങ്ങൾക്കു ഹേതുഭൂതനായ പരമശിവൻ ലോകമെങ്ങും നിറഞ്ഞിരുപ്പുണ്ടെങ്കിലും മന്ത്രങ്ങൾക്കധീനനായ അദ്ദേഹത്തെ ബ്രാഹ്മണർ സപ്തപദ്യാനന്തിന്നുതകുന്നവിധം ഓരോ ബിംബങ്ങളിൽ മന്ത്രപൂർവ്വകം ആവാഹിച്ച് ആരാധിച്ചുവരുന്ന ദേവാലയങ്ങളിൽ ഒരു പ്രത്യേകശക്തിയുണ്ടെന്നു വിചാരിക്കുന്നതിൽ വലിയ തെറ്റില്ല. യമനിയമാദികൾ പരിശീലിച്ച മുമുക്ഷുക്കൾക്കു ദേവാലയങ്ങൾ അവരവരുടെ ഹൃദയകമലങ്ങൾതന്നെയാണ്. എന്നാൽ ദ്ധ്യാനത്തിൽ അനന്യമതമായി മനസ്സിരുത്തുന്നതിന്നു പരിശീലനം പോരാത്ത നമ്മെപ്പോലുള്ള ലൌകികന്മാരുടെ അനുഗ്രഹത്തിന്നായി അവരുടെ ചിത്തവൃത്തിക്കനുസരിച്ചുപാസിക്കുന്നതിന്നുള്ള സൌകര്യത്തോടുകൂടി ഓരോ രൂപത്തിൽ ബിംബങ്ങൾ നിർമ്മിച്ച് അതിൽ ദേവനെ ആവാഹിച്ച് ആരാധിക്കുവാനുള്ള സമ്പ്രദായം ഏർപ്പെട്ടുത്തീട്ടുള്ളത് ജീവന്മുക്തിയുടെ ആദ്യത്തെ അസ്ഥിവാരപ്പടവാണ്. അവരവരുടെ മനോവൃത്തിക്ക് അനുകൂലമായ

വിധത്തിൽ പലതരം രൂപം കല്പിക്കുന്നുവെന്നല്ലാതെ ദേവന്റെ രൂപം ഒന്നു തന്നെയേയുള്ളൂ.

എന്നാൽ ശിവക്ഷേത്രങ്ങളും ഓരോ വനത്തിലാണ് നിർമ്മിച്ചുകാണുന്നത്. പിന്നീട്ട ജനങ്ങളും ആധുനികപരിഷ്കാരമോഹിതരായി ഓരോ സൌകര്യങ്ങൾക്കായി ആവകകാടുകളെ നാടുകളാക്കുന്നുവെന്നേയുള്ളൂ. അതുപ്രകാരം ചിദംബരക്ഷേത്രവും ഒരു ചെറുകാട്ടിലാകുന്നു പ്രതിഷ്ഠിതമായിട്ടുള്ളത്. 'തില്ലൈവനം' എന്നു വിളിച്ചുവരുന്ന ആ വനം എത്രയോ മനോഹരവും പുണ്യവുമായിട്ടുള്ളതാകുന്നു. ആതന്തുരിലെ ജനനവും കാശിയിലെ വാസവുംപോലെ തില്ലൈവനം ദർശനവും മുക്തിക്കു ഹേതുവാണ്. തില്ലൈവനം ക്ഷേത്രത്തിന്റെ ചുറ്റും ബ്രാഹ്മണോത്തമന്മാർ അധിവസിച്ചുവരുന്ന ഗ്രാമങ്ങളാണ്. അദ്ധ്യയനം, അദ്ധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം—എന്നീ ബ്രാഹ്മണർക്കു വിഹിതമായുള്ള ഷട്കർമ്മങ്ങളും യഥാവിധി അനുഷ്ഠിച്ചുവരുന്ന അവിടത്തെ ദ്വിജവരന്മാരുടെ സംഘം ലോകവിശ്രുതമായിട്ടുള്ളതാകുന്നു. അവരിൽ ഉഷഃകാലത്തിനു മുമ്പു ണരാത്തവരോ ശ്രാദ്ധാദികർമ്മങ്ങളിൽ ശ്രദ്ധിക്കാത്തവരോ ബഹുമാനനീയന്മാരെ ബഹുമാനിക്കാത്തവരോ സ്മൃതികളെ വിസ്മരിച്ചവരോ വേദങ്ങളറിയാത്തവരോ ആരുംതന്നെയില്ല. സന്ധ്യാവന്ദനാദികർമ്മങ്ങളും യഥാകാലമനുഷ്ഠിക്കാത്തവരോ അഗ്നിഹോത്രാദികളും നടത്തുന്നതിൽ അലസന്മാരോ ഇല്ലെന്നു ഖണ്ഡിച്ചുപറയാവുന്നതാണ്. ഇവർ മുവ്വായിരം ദീക്ഷിതരെന്നു പറയപ്പെടുന്നു. സാക്ഷാൽ ശിവൻതന്നെ ഈ മുവ്വായിരത്തിൽ ഒരുവനായി അധിവസിക്കുകയാണെന്നും യഥാർത്ഥത്തിൽ 2999 പേർ മാത്രമേയുള്ളുവെന്നും പറ

ഞ്ഞുവരുന്നു. അതിന്നും പുറമേ അവിടത്തെ ശിവലിംഗത്തിന്നുതന്നെ ഒരു പ്രത്യേകമാഹാത്മ്യമുണ്ട്. പഞ്ചഭൂതങ്ങളും കൊണ്ടു നിർമ്മിച്ച 5 ലിംഗങ്ങളിൽ പൃഥിവീലിംഗം കാഞ്ചീപുരത്തിലും ജലലിംഗം തിരുവാനൈക്കാവിലും അഗ്നിലിംഗം തിരുവണ്ണാമലയിലും വായുലിംഗം കാളഹസ്തിയിലും ആകാശലിംഗം ചിദംബരത്തിലുമാകുന്നു. "ചിദംബരം" എന്ന പദംതന്നെ ഈ വസ്തുതയെ വെളിപ്പെടുത്തുന്നതുമുണ്ട്. ചിത്+അംബരം—ചിദംബരം=ചിദാകാശം എന്നാണല്ലൊ വ്യൽപത്തി. പൃഥിവ്യാദി നാലും ആകാശത്തിൽ അടങ്ങിയതാകയാൽ ഇതരാപേക്ഷയാ ആകാശലിംഗത്തിന്നു പ്രാധാന്യം കല്പിക്കുന്നതിൽ തെറ്റും ഇല്ല. * ഇപ്രകാരം യമനിയമാദികളും പരിശീലിച്ച പരിശുദ്ധചിത്തവൃത്തികളായ ബ്രാഹ്മണരാൽ സങ്കുലമായ ചിദംബരത്തിന്റെ മാഹാത്മ്യം ഇന്നേയാ പറഞ്ഞവസാനിപ്പിക്കുന്നതു സാദ്ധ്യമായിട്ടുള്ളതല്ല.

ഇതിന്നും പുറമേ ക്ഷേത്രത്തിന്നു നാലുപാടുമായി പത്തു തീർത്ഥങ്ങളുമുണ്ട്. 1. ശിവഗംഗാ— ഇത് കനകസഭയ്ക്കു വടക്കുഭാഗത്തിലാകുന്നു. ഇതിലെ സ്നാനം മഹാപാതകാദിഹരമാകുന്നു. ധനുമാസത്തിലെ തിരുവാതിരയ്ക്കും കുംഭമാസത്തിലെ മകത്തിന്നും ഇവിടെ സ്നാനാർത്ഥം വരുന്നവരുടെ സംഖ്യ ഒട്ടും ചെറുതല്ല. 2. കുയ്യാതീർത്ഥം—ഇത് ക്ഷേത്രത്തിന്നു നേരെ വടക്കുഭാഗത്താകുന്നു. ഇതിൽ സ്നാനംചെ

---

* ആകാശാദ് വായുഃ, വായോരഗ്നിഃ, അഗ്നേരാപഃ, അദ്ഭ്യഃ, പൃഥിവീ, പൃഥിവ്യാ ഓഷധയഃ ഇതി ഉപനിഷൽ.

യിട്ടാണത്രേ വരുണൻ ദ്രുവിനെ കൊന്ന പാപം നശിപ്പിച്ചത്. 3. പുലിമട്ട—ക്ഷേത്രത്തിന്നു തെക്കുവശത്താകുന്നു. 4. വ്യാഘ്രപാദതീർത്ഥം—ക്ഷേത്രത്തിന്നു പടിഞ്ഞാറുഭാഗത്താകുന്നു. ഇതു വ്യാഘ്രപാദമുനി ഇരുന്നു തപസ്സുചെയ്തിരുന്ന സ്ഥലമാണ്. 6. നാകചേരി. 7. ബ്രഹ്മതീർത്ഥം. 8. ശിവപ്രിയ. 9. തിരുപ്പാർകടൽ 10. പരമാനന്ദകൂപം. ഈ എല്ലാ തീർത്ഥങ്ങളിലും നടരാജൻ തിരുവാതിരതൊടങ്ങിയ പുണ്യദിനങ്ങളിൽ എഴുന്നള്ളി സ്നാനംചെയ്യുവാറുണ്ട്. ഈ പത്തു തീർത്ഥങ്ങളിലും സ്നാനംചെയ്തു നടരാജനെ ഭജിക്കുന്നതു സുകൃതികൾക്കല്ലാതെ സാദ്ധ്യമാകുന്നതാണോ? ജനങ്ങൾ എത്രയോ അനേകം പുണ്യസ്ഥലങ്ങളിലേക്കു തീർത്ഥയാത്ര പോകുന്നുവെന്നല്ലാതെ അവിടത്തെ മാഹാത്മ്യങ്ങൾ അറിഞ്ഞവരും അറിയുവാൻ ഉത്സാഹിക്കുന്നവരും നൂറിന്നു ഒന്നുവീതമെങ്കിലുമുണ്ടാകുമോ എന്നതു സംശയഗ്രസ്തമാണ്. ഈ ക്ഷേത്രത്തിൽ ഭജിച്ചു മുക്തിനേടിയവരും എത്രയോ ഉണ്ട്. ഒരു മഹാൻ തില്ലൈവനത്തിൽ ചെന്നു ഭക്തിയോടുകൂടി ഭജിച്ചിരുന്നു. അനേകം പുഷ്പങ്ങളർപ്പിച്ചു ശിവപൂജ നടത്തേണമെന്നാഗ്രഹിച്ചു അതിന്നായി ഉദ്യമിച്ചു. പുലർന്നതിന്നുശേഷം പൂവറുപ്പാൻ ഉത്സാഹിക്കയാണെങ്കിൽ കുസുമങ്ങളിലെ മകരന്ദം ഭ്രമരങ്ങളുടെ ഉച്ഛിഷ്ടമായിരുന്നുമല്ലോ. അതിന്നുമുമ്പു എടുക്കുകയാണെങ്കിൽ നല്ലതും കേടുവന്നതും തിരിച്ചറിയുവാൻ കഴിയുന്നതല്ലെന്നു മാത്രമല്ല, മരങ്ങളിൽ കയറുന്നതിന്നും ജലാശയങ്ങളിലിറങ്ങുന്നതിന്നും സാദ്ധ്യവുമല്ലല്ലോ എന്നു വിചാരിച്ചു മനസ്സുംപത്തോടുകൂടി നടരാജനെ സ്തുതിച്ചുതുടങ്ങി. അതുകൊണ്ടു സന്തുഷ്ടനായ ശിവൻ കേവലം പ്രത്യക്ഷമായി വ്യാഘ്രത്തിന്റെ പാദങ്ങളും

പോലുള്ള പാദങ്ങളും നഖങ്ങൾപോലുള്ള നഖങ്ങളും കണ്ണുകൾപോലുള്ള കണ്ണുകളും പ്രദോനംചെയ്യ് അന്തർദ്ധാനംചെയ്യ. അന്നുതൽ വ്യാഘ്രപാദർ എന്ന നാമധേയം സിദ്ധിച്ച ആ മഹാൻ ജലത്തിലും സ്ഥലത്തിലും ലതകളിലും വൃക്ഷങ്ങളിലും ഉണ്ടാകുന്ന പുഷ്പങ്ങൾ യഥാകാലം അത്യുത്തമഭക്തിയോടുകൂടി യഥാവിധി പൂജ നടത്തിവന്നിരുന്നു. തില്ലൈവനത്തിന്റെ മറ്റൊരു ഭാഗത്തു പതഞ്ജലി എന്ന യോഗിവര്യനും വ്യാഘ്രപാദരെപ്പോലെ ശിവപൂജ നടത്തി കനകസഭാപതിയുടെ നടനദർശനത്തിന്നായി അവസരവും പ്രതീക്ഷിച്ചിരുപ്പുണ്ടായിരുന്നു. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞാറെ തൈപൂയം ദിവസം നടരാജൻ തില്ലൈവനത്തിലെ ബ്രാഹ്മണർക്കും വ്യാഘ്രപാദർ, പതഞ്ജലി എന്നീ മുനിവര്യന്മാർക്കും ദിവ്യദൃഷ്ടികൊടുത്ത് തന്റെ നടനം സന്ദർശിക്കുന്നതിന്നു അനുമതി നല്കി. "ഇപ്പോൾ ഞങ്ങൾ സന്ദർശിച്ചതുപോലുള്ള രൂപത്തിൽ ഇതേവിധം ഇവിടെ ഏതുകാലത്തും നൃത്തംചെയ്യുകൊണ്ടിരിക്കുവാൻ തിരുവുള്ളത്തിൽ കനിവുണ്ടാകണം" എന്നു പതഞ്ജലിപ്രഭൃതികൾ അപേക്ഷിച്ചതനുസരിച്ചു നടരാജൻ ദേവശില്പിയോട് അവിടെ വലുതായ ഒരു സഭാമണ്ഡപം നിർമ്മിക്കുന്നതിന്നു ആജ്ഞാപിച്ചു. അതുപ്രകാരം ദേവശില്പിയായ വിശ്വകർമ്മാവ് നിർമ്മിച്ച ആ മഹാമണ്ഡപത്തിൽ ഇന്നും നടരാജൻ നൃത്തംചെയ്യുവരുന്നു. ഇതുപോലെ മാഹാത്മ്യമേറിയ പുണ്യസ്ഥലം പൃഥ്വിയിൽ വേറൊരിടത്തും ഉള്ളതായി കേട്ടിട്ടില്ല. ഇപ്രകാരം മഹായോഗിവര്യന്മാർക്കുകൂടി എത്രയോ കാലത്തെ തീവ്രമായ തപസ്സുകൊണ്ടുമാത്രം ദർശിക്കുവാൻ കിട്ടിയതായ താണ്ഡവം എല്ലാകാലത്തും ശിവൻ പ്രത്യക്ഷമായി ചെയ്യുകൊണ്ടിരിക്കുവേ

ആയതു സന്ദർശിച്ച മുക്തി നേടുവാൻ ഉത്സാഹിക്കാതെ കൂപമണ്ഡൂകന്യായേന ജനിച്ചവളന്ന് സ്ഥലത്തുതന്നെ ജീവിതം കഴിച്ചുകൂട്ടുന്നവർ വിശേഷബുദ്ധിയുള്ള മനുഷ്യവർഗ്ഗത്തിൽ പെട്ടവരെന്നഭിമാനിക്കുന്നതു യുക്തംതന്നെയാണോ? അതുകൊണ്ട് ഈശ്വരഭക്തിമായ ബുദ്ധിയെ സന്മാർഗ്ഗങ്ങളിൽ പ്രവർത്തിപ്പിച്ച സജ്ജനങ്ങളുമായി സഹവാസംചെയ്യുക പ്രാവശ്യമെങ്കിലും ചിദംബരത്തിൽ ചെന്നു നടരാജനെ സന്ദർശിക്കേണ്ടതാണ്. ഇത്രയും പഠഞ്ഞതിൽ ചിദംബരമാഹാത്മ്യത്തിന്റെ ശതാംശമേ അടങ്ങീട്ടുള്ളൂ. ഇതുപോലെ എത്രയോ പ്രസംഗങ്ങൾകൊണ്ട് ആയതു കലാശിപ്പിക്കുന്നതിനു ശേഷവും ശേഷി മതിയാകുന്നില്ല.'' എന്നിപ്രകാരം പറഞ്ഞു ആ മഹാൻ തന്റെ പ്രസംഗം നിറുത്തിയതോടുകൂടി ''ഹരഹര'' എന്ന ശബ്ദം എല്ലായിടത്തും കേൾക്കുമാറായി. നന്തൻ വീണു സാഷ്ടാംഗം നമസ്കരിച്ചു. ആളുകൾ പിരിഞ്ഞതോടുകൂടി ''നാളെ പോകണം'' എന്ന് ഉറപ്പിട്ടുംകൊണ്ടു നന്തനും ചേരിയിലേക്കു മടങ്ങി. നന്തന്റെ മനസ്സിൽ ആ പ്രസംഗം പ്രത്യക്ഷരം സവ്വദാ മാറ്റൊലികൊണ്ടുകൊണ്ടിരുന്നതിനാൽ ആർ എന്തു ചോദിച്ചാലും ''നാളെ പോകണം'' എന്ന മാത്രമായിരുന്നു മറുപടി.നാട്ടുകാരെല്ലാം ''നാളെപോകുന്ന ഭ്രാന്തൻ'' എന്നു വിളിച്ചുതുടങ്ങി. സ്വതന്ത്രനല്ലാതിരുന്ന നന്തനു ചിദംബരയാത്രയ്ക്കു സോമശർമ്മാവിന്റെ അനുവാദം അത്യന്താപേക്ഷിതമായിരുന്നു. അദ്ദേഹം നന്തനോട് വിരസത നടിച്ചുവന്നിരുന്നതിനാൽ ''എങ്ങിനെ ചോദിക്കേണ്ടു? എന്തുപറയുമോ'' എന്ന വിചാരവും അവിതർക്കിതമായി സംഭവിച്ച മാതൃമരണവും മനസ്സിനെ വ്യാകുലപ്പെടുത്തിയിരുന്നു. ഇങ്ങിനെ

വിചാരിച്ചുകൊണ്ടുതന്നെ ഒന്നരണ്ടു മാസവും കഴിഞ്ഞു. ഇനി എന്തായാലും സ്വാമിയോടു ചോദിക്കുകതന്നെ എന്നു തീച്ചുറപ്പിച്ചുറച്ചു നന്ദനും സ്വാമിയുടെ സൌകര്യവും പ്രതീക്ഷിച്ചിരുപ്പായി.

അഞ്ചാമദ്ധ്യായം

ചിതംബരയാത്രയും സായുജ്യവും.

ഇപ്രകാരം നന്ദൻ 'നാളെ പോകണം, നാളെ പോകണം' എന്നു ചൊല്ലിയും 'ശിവശിവ' എന്നു സദാ ഉച്ചരിച്ചും കൊണ്ടു നടക്കുവേ പുലയരെല്ലാവരും യോഗംകൂടി സമുദായസംബന്ധമായും മറ്റുമുള്ള സകല വഴക്കുകളും തീച്ചുറപ്പിച്ചുത്തുവാൻ അധികാരവും കെല്പും തികഞ്ഞ ചേരിയിലെ പെരിയ കിഴവനെച്ചെന്നുകണ്ടു നന്ദൻ മൂലം ചെറുപിള്ളക്കു തങ്ങളുടെ ദൈവങ്ങളിൽ വിശ്വാസം കുറഞ്ഞുതുടങ്ങിയെന്നും അതിന്നു വല്ല പ്രതിവിധിയും വിളംബമെന്നിയേ ചെയ്യേണ്ടതാണെന്നും അറിയിച്ചു. നന്ദന്റെ പ്രവൃത്തികൾ മുൻകൂട്ടിത്തന്നെ അറിഞ്ഞിരുന്ന പെരിയ കിഴവൻ ചേരിയിലെ സമുദായനിബന്ധനകൾക്കും കീഴ്നടവടികൾക്കും ഒതുങ്ങിനടക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഒരുവൻ നിമിത്തം ഒരു ജനസമുദായത്തിന്നുതന്നെ പല കുഴപ്പങ്ങളും നേരിട്ടുകയാണെങ്കിൽ അവനെ യോഗത്തിൽ നിന്നും തള്ളിക്കളയുന്നതായിരിക്കുമെന്നും മറ്റും അറിവുകൊടുക്കുന്നതിന്നും തരപ്പെട്ടാൽ നേർവഴിയിലേയ്ക്കു തിരിക്കുന്നതിന്നും വേണ്ടി നന്ദഗൃഹത്തിൽ എത്തിച്ചേർന്നു.

നന്ദനൻ സാദരം കിഴവനെ എതിരേറ്റ സൽക്കരിച്ചു ആ ഗമനകാരണം ചോദിച്ചുറേ അവന്റെ സ്മിതപൂർവ്വാദിഭാ ഷിതപത്തുലും ആദിത്ഥ്യത്തിലുള്ള ഔചിത്യാദികളാലും സ മാകൃഷ്ടചിത്തനായ പെരിയ കിഴവൻ എന്തു പറയേണമെ ന്നറിയാതെ കുറഞ്ഞൊന്നു കണ്ണിച്ചുവെങ്കിലും പുലയർ പറ ഞ്ഞയച്ച വസ്തുത ധരിപ്പിക്കാതിരുന്നില്ല. അതു കേട്ട നന്ദൻ ഇവരെല്ലാവരും ഒന്നിച്ചുകൂടി ഇപ്രകാരം ക്ലേശിപ്പിക്കു ന്നവല്ലോ എന്നും മറ്റും വിചാരിച്ചു സാമാന്യത്തിലധികം വിഷാദിച്ചുവെങ്കിലും ഇതെല്ലാം സർവ്വാ പരമശിവന്റെ പരീക്ഷയാണെന്നു തീരുമാനപ്പെടുത്തി ധൈര്യമവലംബി ച്ച് മറുപടി പറഞ്ഞു. "മഹാദേവം ദർശിക്കാതെ ഗൃഹത്തി ലിരുന്നാൽ ഈ ജന്മം സഫലമാകുമോ? ജനനമരണങ്ങളിൽ നിന്നു വിമുക്തനാകാവുന്നതാണോ? കാരുണ്യമൂർത്തിയായ പ രമശിവനെ ദർശിക്കാതെ കാലംകഴിക്കുന്നതു നരജന്മം ലഭി ച്ചവർക്കു ചേർന്നതാണൊ! കാലന്റെ പാശത്തിൽ ഉന്നല്ലെ ങ്കിൽ നാളെ കൂടുങ്ങാതിരിക്കുവുന്നതാണോ? താൻ താൻ ചെയ്യു കർമ്മങ്ങളുടെ ഫലം നൂറാണ്ടുകൾ കഴിഞ്ഞിട്ടെങ്കി ലും അനുഭവിക്കാതിരിക്കാവുന്നതാണോ? സേച്ഛാവൃത്തിക ളായ മൂഢരുടെ വാക്കുകൾ വിശ്വാസാർഹങ്ങളാണൊ? ചേ രിയിലെ കീഴ് നടപടികൾക്കു കീഴ്പ്പെട്ടാൽ പുണ്യം നേടാ വുന്നതാണോ? കാലകാലനായ ശിവനെ ഭജിക്കാതെ കാലം പാഴാക്കിക്കളയുന്നവനും ഉച്ഛിഷ്ടം ഭുജിച്ച് കാലയാപനം ചെയ്യുന്ന സാരമേയാദികൾക്കും അന്തരമേതോ?

മീശ നരച്ചു. കാലപാശം സമീപിച്ചു. അംഗങ്ങൾ ത ളർന്നു. ആശയ്ക്കും നരയ്ക്കും തളർച്ചയും കാണുന്നില്ല. കഷ്ടം! മാ

യാദേവിയുടെ ചെല്ലിയാട്ടം!'' എന്നു നന്ദൻ പറഞ്ഞതു കേട്ടുനാണിച്ചു് കിഴവൻ മടങ്ങി യോഗത്തിലെ അംഗങ്ങളായ പുലയരോടു 'നന്ദനെപ്പോലെ ഭക്തനും സ്ഥിരപ്രജ്ഞനും ആയി ആരും തന്നെ തൻറെ ഈ വയസ്സിന്നിടയിൽ ഉണ്ടായിട്ടില്ലെന്നും അപ്രകാരം ഒരു മഹാൻ ചേരിയിൽ ജാതനായതു നമുക്കു അഭിമാനഹേതുവാണെന്നും'' പറഞ്ഞു. നന്ദൻറെ പിഞ്ഛികാചലനത്തിൽ ഈ കിഴവനും മോഹിതനായി എന്നു തീർച്ചയാക്കിയ മറ്റു പുലയർ തങ്ങളുടെ അഭീഷ്ടസിദ്ധിയ്ക്കു സോമശർമ്മാവല്ലാതെ ഗത്യന്തരമില്ലെന്നു കണ്ടു നന്ദൻറെ വിചേഷ്ടിതങ്ങളെ സവിസ്മയം അദ്ദേഹത്തെ കേൾപ്പിച്ചു:—''സ്വാമിൻ, പ്രതിനിമിഷമെന്നപോലെ ചേരിയിൽ വലിയ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മേലിലും ഇപ്രകാരംതന്നെ നടക്കുവാൻ അനുവദിക്കുന്നതായാൽ ബ്രാഹ്മണർക്കും പുലയർക്കും വ്യത്യാസമില്ലെന്നും വന്നേയ്ക്കാം. നന്ദൻ ചിലസമയം ഇക്കാണുന്ന ചരാചരമെല്ലാം ശുദ്ധമേ കളിപ്പാട്ടങ്ങളെന്നും പിരട്ടെന്നും പറഞ്ഞു തില്ലൈവനം സന്ദർശിക്കുന്നതിനു പോകുവാൻ ചേരിയിലെ പുലയരെ പിടിച്ചുവലിക്കുന്നു. മറ്റു ചില സമയങ്ങളിൽ കാണാത്തതു കണ്ടപോലെയോ കേൾക്കാത്തതുകേട്ടപോലേയോ ഉച്ചത്തിൽ ചിരിക്കുകയും ഉടനെ മൂകനെന്നപോലെ മൌനമവലംബിച്ചിരിക്കുകയും ചെയ്യുന്നതു കാണാം. 'ശിവനേ ശരണം' എന്നുപറഞ്ഞു മരംപോലെ നിലത്തുവീണു കരയിലിട്ട മത്സ്യംപോലെപിടയുന്നതും അസാധാരണയല്ല, ത്രിസന്ധ്യയിലും 'ശിവശിവ' എന്നുച്ചരിക്കുന്നതിനു ഞങ്ങളെ നിബ്ബന്ധിക്കുന്നു. അതു അനുസരിക്കാഞ്ഞാൽ കശപിശകൂട്ടുന്നു. ഇതിന്നെല്ലാം കാരണമേതോ? എല്ലാം അറിയുന്ന

ദ്വിജവരന്മാരായ നിങ്ങളെല്ലാവരുംകൂടി യുക്തമേതോ അത്ര പ്രവർത്തിപ്പാനപേക്ഷ" ഇതുകേട്ട സോമശർമ്മാ ചിദംബരയാത്രയ്ക്കു ഞാൻ ഒരിക്കലും അനുവദിക്കുന്നതല്ല. അവൻ നാളെ ഇവിടെ വരുമ്പോൾ ഇതിനെപ്പറ്റി ചോദിക്കുകയും ചെയ്യും. നിങ്ങൾ പൊയ്ക്കൊള്ളുവിൻ എന്നുപറഞ്ഞു അവരെ അയക്കുകയുംചെയ്തു. പിറന്നാൾ നന്ദൻ വന്നസമയം കൃഷിയെസ്സംബന്ധിച്ചുള്ള വിവരങ്ങൾ ചോദിച്ചതിന്നു ശേഷം അവന്റെ ജീവിതരീതിയിൽ സംഭവിച്ചിരിക്കുന്ന മാറ്റത്തിന്റെ ഹേതുവേതെന്നും സ്വാമി അന്വേഷിക്കാതിരുന്നില്ല. നന്ദൻ ഇതുതന്നെ സ്വാമിയെ അറിയിക്കുന്നതിന്നു തരമെന്നുകരുതി, "വല്ല മാറ്റവും ഉള്ളതായി തോന്നുന്നുണ്ടെങ്കിൽ ആയതു ചിദംബരദർശനത്തിന്നുള്ള ഔത്സുക്യം ഒന്നു മാത്രമാണെന്നും ആയതിന്നു ഉത്തരവുണ്ടാവാൻ സവിനയം പ്രാർത്ഥിച്ചുകൊള്ളുന്നുവെന്നും സോമശർമ്മാവിനെ കേൾപ്പിച്ചു.

സോ—ചണ്ഡാലവംശത്തിൽ ജനിച്ച നിനക്കു ചിദംബരദർശനമോ? ഛീ!

ന—അങ്ങിനെ അധിക്ഷേപിക്കുന്നതു വലിയ മനസ്സാപത്തിന്നു ഹേതുവാണ്. ദയവുചെയ്തു ഉത്തരവുണ്ടാവാനപേക്ഷ.

സോ—പറയാ, നീചജാതിയിൽ ജാതനായ നിനക്കു "ചിതംബരം" എന്നുച്ചരിപ്പാൻകൂടി പാടുള്ളതാണോ? പിന്നെയുണ്ടോ നിനക്കു ദർശനം?

ന—സ്വാമിൻ! ഭക്തിമാർഗ്ഗത്തിൽ ജാതിയും കാണുമോ? ചിതംബരദർശനത്തിന്നു കൊതിച്ചുതുടങ്ങീട്ടു ഇന്നേക്കു പതിനൊന്നുമാസവും കഴിഞ്ഞു.

സോ—മൂഢത്വംകൊണ്ടു ഇനിമേൽ ഇപ്രകാരം പറയുന്നതായാൽ പ്രഹരം കിട്ടുന്നതിന്നും പുറമേ കുലിയും പിടിക്കുന്നതായിരിക്കും. നല്ല ഓമ്മ ഇരുന്നുകൊള്ളട്ടെ. നിന്റെ കപടങ്ങളെല്ലാം ഇവിടെ നല്ലപോലെ അറിവായിട്ടുണ്ട്. പോ; കൃഷിപ്രവൃത്തിയിൽ യാതൊരു വീഴ്ചയും വരാതെ നോക്കിക്കൊള്ളുക.

ഇതുകേട്ട നന്ദൻ ഇനി പറയുന്നതു നിഷ്ഫലമെന്നു കരുതി "അങ്ങിനെ തന്നെ" എന്നു പറഞ്ഞു പേരിയിലേയ്ക്കു മടങ്ങി യഥാപൂർവ്വം ശിവനെ ഭജിച്ചു. കൃഷിയിൽ കഴിയുന്നതും ദൃഷ്ടിപതിപ്പിച്ചും കുറച്ചുദിവസംകൂടി കഴിച്ചുകൂട്ടി.

ഇങ്ങിനെയിരിക്കെ ഒരു ദിവസം ഇനി എന്തുവന്നാലും ചിതംബരം ദർശിയ്ക്കാതെ ഒരു നിമിഷംപോലും ഇരിക്കുന്നതല്ലെന്നു തീർച്ചയാക്കി സോമശർമ്മാവിന്റെ അടുക്കൽചെന്നു അനുവാദത്തിന്നായി യാചിച്ചു. സ്വാമി കഴിയുന്നതും ന്യായങ്ങളും സൂത്രങ്ങളുംപ്രയോഗിച്ചിട്ടും ഫലമൊന്നുംതന്നെയുണ്ടായില്ല. പറയുന്നതിനെല്ലാം "ശിവ ശിവ നീചജാതിയിൽ പിറന്ന എനിക്കു ഭവദ്ദർശനം അസാദ്ധ്യമെന്നോ? സ്വാമിൻ, എനിക്ക് അനുവാദം നല്കാത്തപക്ഷം ഉടനെ ഞാൻ ഇവിടെ വെച്ചുതന്നെ പ്രാണനെ പരിത്യജിക്കും" എന്നു മാത്രമായിരുന്നുനന്ദന്റെ മറുപടി. "നാലുവേദങ്ങളും ആറു വേദാംഗങ്ങളും പഠിച്ച് യഥാവിധി കർമ്മങ്ങളനുഷ്ഠിച്ച് വരുന്ന ബ്രാഹ്മണർ ആരാധിച്ചുവരുന്ന ചിദംബരേശനെ ചണ്ഡാലനായ നിണക്കു ദർശിക്കുവാൻ കിട്ടുമോ? ഞാൻ പറയുന്നതു ഹിതമാണെന്നു നിനച്ച് അതുപ്രകാരം അനുഷ്ഠിക്കുന്നതാണു നല്ലതു". എന്നും മറ്റും പറഞ്ഞുനോക്കീട്ടു യാതൊരു ഭാവഭേദവും നന്ദനിൽ കാണാത്തതിനാൽ വ്യാ

കുലീനതനായി ചമഞ്ഞ സോമശർമ്മാവ് തന്റെ പ്രിയസ ഖാവായ രാമഭദ്രദീക്ഷിതരോട്ട നന്തനെ സമാധാനിപ്പിക്ക വാൻ ആവശ്യപ്പെട്ടപ്രകാരം അദ്ദേഹം നന്തനെ വിളിച്ചു പറഞ്ഞു.

രാമ—നന്താ—എത്ര വാത്സല്യത്തോടുകൂടിയാണ് സോമശ ർമ്മാവ് നിന്നോടു പെരുമാറുന്നതു? അദ്ദേഹത്തിന്റെ കരുണയെ അവലംബിച്ചല്ലേ നിന്റെ ജീവിതയാത്ര? അങ്ങിനെയിരിക്കേ എന്തൊരു വിഡ്ഢിത്തമാണ് അഥവാ അവിനയമാണ് നീ പ്രവർത്തിക്കുന്നതു.

ന—അങ്ങു പറയുന്നതു ശരിതന്നെ. എന്നാൽ എന്റെയെ ന്നല്ലാ എല്ലാവരുടേയും ജീവിതയാത്ര ചരാചരാത്മകമാ യ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിച്ച് സംഹരി ച്ചുപോരുന്ന ജഗദീശന്നല്ലേ ആയത്തമായിട്ടുള്ളതു. അ ദ്ദേഹം അനുകൂലമായിരിക്കുന്നേടത്തോളം കാലം സ്വാമി കർമ്മം എന്നല്ലാ എല്ലാവർക്കും എന്നോടു പ്രീതിതന്നെ. അദ്ദേഹം പ്രതികൂലമായാൽ ഇവരും പ്രതികൂലമാകുമെ ന്നേയുള്ളൂ.

രാ—ശിവ ശിവ എന്നു ജപിച്ചിരുന്നാൽ ഉദരപൂരണം നി ണക്കു സാദ്ധ്യമാകുമോ?

ന—അദ്ദേഹം പ്രസാദിച്ചാൽ അതും അതിനപ്പുറവും സാ ദ്ധ്യംതന്നെ. ഈശനെ സേവിച്ചാൽ അതിന്റെ ഫലം നിശ്ചിതവും സ്വായത്തവുമാണ്. മനുഷ്യരെ സേവി ച്ചാൽ അതിന്റെ ഫലം സന്ദിഗ്ദ്ധവും പരായത്തവുമാ ണ്.

രാ—സോമശർമ്മാവിന്റെ അഭിപ്രായത്തിന്നു പ്രതികൂലമായി പ്രവർത്തിക്കുന്നതു ഒരിക്കലും ശ്രേയസ്സരമല്ല.

ന—മനുഷ്യരെ സേവിക്കുന്നതു കഷ്ടമാണെന്നും എത്രയോ ദുർല്ലഭമായ നരജന്മം സിദ്ധിക്കുവാനിടവന്ന നാം ചെയ്യേണ്ടതു ഈശ്വരസേവയാണെന്നും മാത്രമാണ് ഞാൻ അറിയിച്ചതു.

രാ—എന്തുകൊണ്ടാണ് അപ്രകാരം തീർച്ചയാക്കിയതു.

ന—നാം എത്രയോകാലം സ്വാർത്ഥം ഉപേക്ഷിച്ചും വിശപ്പും ദാഹവും സഹിച്ചും വീട്ടുകാരുടേയും നാട്ടുകാരുടേയും പ്രീതിക്കിടം കൊടുക്കുന്നതാണെങ്കിലും സ്വാമിയുടെ ഹിതത്തിന്നായി പലതും പ്രവർത്തിച്ചും ഇരുന്നുവെന്നു വെക്കുക. അങ്ങിനെയിരിക്കെ എവിടെയെങ്കിലും അനവധാനംമൂലം താനറിയാതെ വല്ല പ്രമാദവും പറ്റിപ്പോകയോ, താൻ പ്രവർത്തിച്ചിട്ടുള്ളതുഹിതവും ന്യായവുമാണെങ്കിലും കണ്ടതിലും കേട്ടതിലും തങ്ങളുടെ വാഗ്വിലാസവും കൂട്ടിക്കലർന്നു അസൂയകൊണ്ടോ ദ്രോഹബുദ്ധികൊണ്ടോ പറയുന്ന മത്സരബുദ്ധികളുടെ ഏഷണികളെ അനേഷണമെന്നിയെ വിശ്വസിച്ച് സ്വാമി തെറ്റിദ്ധരിപ്പാനിടവരികയോ ചെയ്യുൽ അതുവരെ സേവിച്ചതിന്റെ ഫലമെവിടെ? സകലതും മറന്നു എത്രയോ വിസ്തൃതമായ ഈ ഭൂമിയുടെ ഒരു കോണിൽ ലക്ഷത്തിലൊരംശത്തിന്റെ നാഥനായിത്തീരുവാൻ ഏതോ പൂർവ്വജന്മപുണ്യവശാലിടവന്ന പ്രഭുക്കൾ കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾ കോപത്തിലും തുലോം താപമാണുണ്ടാക്കുന്നതു. ഈശ്വരനെ സേവിച്ചാൽ സേവിച്ചതിന്നുള്ള ഫലം ഒരിക്കലും കിട്ടാതിരിക്കുന്നതല്ല.

അഥവാ വല്ല തെറ്റും പറ്റിപ്പോയാൽ ജഗൽപിതാവായ അദ്ദേഹം നേർവഴി കാണിച്ചുതന്നു തിരിച്ചുവിടുകയും ചെയ്യുന്നതാണ്. സർവ്വസാക്ഷിയായ ഈശ്വരനിൽ ഏഷണിക്കാരുടെ പ്രയോഗങ്ങളും ഫലിക്കുന്നതുമല്ലല്ലോ. അതുകൊണ്ടു നരജന്മം സിദ്ധിച്ച എല്ലാവരും ഈശ്വരസേവയിൽ കാലം വിനിയോഗിക്കുന്നതാണ് ഉത്തമം. യാതൊരു തടസ്ഥവും കൂടാതെ ചക്രവർത്തിയെ സേവിച്ച് ഇഷ്ടകാര്യം നേടാമെന്നിരിക്കെ സാമന്തരാജാക്കന്മാരെ സേവിക്കുന്നവർ വിഡ്ഢികളല്ലേ.

നന്തൻ ഇത്രത്തോളം പറഞ്ഞപ്പോൾ രാമഭദ്രദീക്ഷിതർ ലൌകികമായ കാര്യങ്ങളിലും പാരത്രികമായ വിഷയങ്ങളിലും ഉള്ള അവന്റെ ജ്ഞാനംകണ്ടു വിസ്മിതചിത്തനായി "ഇനി നന്തൻ നിങ്ങളുടെ കൃഷിപ്രവൃത്തിക്കുതകുന്നതല്ല. അതിനാൽ അവന്റെ ഇഷ്ടംപോലെ ചെയ്യുകൊള്ളട്ടെ എന്നു വെക്കുകയായിരിക്കും നല്ലതെ"ന്നു സോമശർമ്മാവിനോടു പറഞ്ഞു. ഇതെല്ലാം കണ്ടും കേട്ടും കൊണ്ടിരുന്ന അദ്ദേഹം ലോഭമോഹിതനായി ഒരു കൈകൂടി നോക്കാതെ വിട്ടയക്കുന്നതല്ലെന്നു വിചാരിച്ച് നന്തനോടു പറഞ്ഞു: നന്ത, നീ ഇതേവരെ ഏറ്റവും വിശ്വാസാർഹനായിത്തന്നേയാണ് ഇരുന്നതു. ഒരു പ്രവൃത്തിയിലും വീഴ്ചയെന്നിയേ സ്വാമിഭക്തിയോടെ ഇത്രയുംകാലം ഒരുവനെ സേവിക്കുന്നതു നിനക്കല്ലാതെ വേറൊരുവന്നും സാദ്ധ്യമാണെന്നു തോന്നുന്നില്ല. അങ്ങിനെയുള്ള നിനക്കു ചിദംബരദർശനം ഒഴിച്ചുകൂടാത്തതാണെന്നു തോന്നുന്നതായാൽ ഞാൻ അതിന്നു സമ്മതംതരുവാൻ കടപ്പെട്ടിട്ടുമുണ്ട്. അതു തരികയും ചെയ്യാം.എന്നാൽ നീ

എനിക്ക് ഒരു കായ്ക്കുകൂടിചെയ്യു തരുന്നപക്ഷം ഉടനെ അനുമതി നല്കുന്നതുമാണ്. "എന്തുതന്നേയായാലും ചെയ്യുതന്നുകൊള്ളാം" എന്നു നന്ദൻ ഇടയിൽകടന്നു ആനന്ദബാഷ്പങ്ങൾ ചൊരിഞ്ഞുകൊണ്ടു പറയാതിരുന്നില്ല. എന്നാൽ അമ്പതുപറ കൃഷിസ്ഥലം കൊയ്യുവാൻ ഒട്ടും താമസിക്കുവാൻ പാടില്ലാത്തവിധം വിളഞ്ഞുകിടക്കുന്നതു നീയും കണ്ടിരിക്കുമല്ലോ. അതുകൊണ്ടു അവിടുത്തെ കൊയ്ത്തും നടിയലും കഴിച്ചുൽ ഒരു നിമിഷംപോലും താമസംകൂടാതെ പോയ്ക്കൊള്ളുന്നതിനു അനുവാദം തരണം. എന്നു സോമശർമ്മാ പറഞ്ഞവസാനിപ്പിച്ചതും "അങ്ങിനെതന്നെ. പണികഴിച്ചു് ഉടനെ വന്നു അനുവാദം വാങ്ങിക്കൊള്ളാം." എന്നു പറഞ്ഞു നന്ദൻ പടികടന്നതും ഒപ്പമായിരുന്നു. പുലരുന്നതിനുമുമ്പ് ഈ പ്രവൃത്തി അവസാനിപ്പിച്ചു് നാളെത്തന്നെ ചിദംബരത്തിലേക്കു പുറപ്പെടേണമെന്നു നന്ദൻ മനസ്സിൽ ഉറച്ചുകഴിഞ്ഞു. ചേരിയിൽചെന്നു ഈ കായ്ത്തിനു പലരുടേയും സഹായം ആവശ്യപ്പെട്ടുവെങ്കിലും ആരും തന്നെ സഹായിക്കുവാൻ ഒരുങ്ങിയില്ല. എന്നിട്ടും ചാഞ്ചല്യമെന്നിയേ ഒറ്റക്കു താൻതന്നെ വയലിൽപോയി, കൃതഘ്നരും സ്വാർത്ഥാഭോഹബുദ്ധികളുമായ ചേരിയിലെ യാതൊരുത്തരുടേയും സഹായംകൂടാതെയാണ് ചിദംബരദർശനം സാധിക്കേണ്ടതെന്നും, അപ്പോൾ മാത്രമേ അധികം ചാരിതാർത്ഥ്യത്തിനുവകാശമുണ്ടാകയുള്ളു എന്നും വിചാരിച്ച ഭഗവാനാവാതെ ഉല്ലാസത്തോടുകൂടി ജോലിയിൽ ഏർപ്പെട്ടു. പകൽ മുഴുവനും നിരാഹാരനായി പണി എടുത്തിട്ടും പത്തിൽ ഒന്നു വീതമെങ്കിലും തീർന്നതായി കണ്ടില്ല. എങ്കിലും ഒട്ടും നിരാശപ്പെടാതെ

രാത്രിയും പണി എടുത്തുതുടങ്ങി. അന്ധകാരപൂരിതമായ വയലിൽ പണിയെടുത്തിരുന്ന നന്തന്നു അന്ധകാരം ഒരു തരത്തിലും പ്രതിബന്ധമുണ്ടാക്കുവാൻ പര്യാപ്തമായില്ല. സ്വയംജ്യോതിസ്സ് അന്തർഭാഗത്തു വിളങ്ങിക്കൊണ്ടിരിക്കുമ്പോൾ പുറമേയുള്ള അന്ധകാരത്തിന്നു എത്രത്തന്നെ പ്രാബല്യമുണ്ടാകും? നേരം പാതിരയായി. ക്ഷീണംനിമിത്തം കുഴങ്ങിയ നന്തൻ "ചിദംബരേശ! ഞാൻ എന്തുചെയ്യേണ്ടു! വലച്ചീക്കരുതേ! ആരുമില്ലാത്ത എന്നെ ശരണാഗതവത്സലനായ അങ്ങുന്നു ഉപേക്ഷിക്കുകയോ? ഹാ! ദൈവമേ! ശരണം! ശരണം!!" എന്നു ഉച്ചത്തിൽ പറഞ്ഞു കരഞ്ഞുതുടങ്ങി. ഭക്താഗ്രേസരനായ നന്തനെ വിളിക്കു സർവ്വാന്തര്യാമിയായ ഭഗവാൻ വിളികേട്ടില്ലെന്നു വരുമോ? ഉടനെത്തന്നെ നന്തൻ പണിയെടുത്തിയിരുന്ന വയലുകളിൽ അസംഖ്യം ആളുകൾ പണിയെടുക്കുന്നതു കാണുമാറായി. ചിലർ കന്നുകാലികളുമായി പാടങ്ങളിൽ ഇറങ്ങി പൂട്ടിത്തുടങ്ങി. ചിലർ വരമ്പുകൾ നേരാക്കിയും മറ്റുചിലർ കാറുകളെ കളത്തിൽ കയറ്റി മെതിച്ചുതുടങ്ങി. എന്തിന്നധികം? പുലരുന്നതിന്നു മുമ്പ് കൊയ്ത്തും മെതിയും നടിയലും കഴിച്ചു ആളുകൾ ഒതുങ്ങിക്കഴിഞ്ഞു. നന്തന്നു സ്വപ്നപ്രായമായി തോന്നിയ ഇക്കണ്ടതെല്ലാം പരമശിവനെ വാത്സല്യാതിരേകത്തിനെ ഫലമെന്നു കരുതി ഒട്ടും ശങ്കിക്കാതെ സ്വാമിയുടെ പടിവാതിലിങ്കൽ പുലരുന്നതോടുകൂടി എത്തി "കല്പിച്ചുപ്രകാരമുള്ള പ്രവൃത്തികളെ ഒട്ടൊഴിയാതെ നടത്തിക്കഴിഞ്ഞു. ഇനി പോകുവാൻ സമ്മതം തന്നാൽ കൊള്ളാം" എന്നു അറിയിച്ചു. നന്തനെ വാക്കുകളിൽ വിശ്വാസം

വരാതെ വയലിലേയ്ക്കു സോമശർമ്മാവുതന്നെ വന്നു നോക്കി. വയലുകൾ സന്ദർശിച്ചമാത്രയിൽ പരമവിസ്മിതനായീന്നു. "ഇത്രവേഗം എങ്ങിനെ സാധിപ്പിച്ചു?" എന്നു ചോദിച്ചതിന്നു നന്ദനനു അറിവുള്ളേടത്തോളം ഒട്ടും മറച്ചുവെക്കാതെ കേൾപ്പിച്ചു. തന്മൂലം നന്ദനന്റെ ഭക്തിയും മഹത്വവും മനസ്സിലാകുവാൻ ഇട വന്ന സോമശർമ്മാവു് ഉടനെ ചിദംബരത്തിലേയ്ക്കു പോകുവാൻ അനുവാദം കൊടുത്തു. എന്നുമാത്രമല്ല, അടിമയാണെന്നു നിനച്ചു വല്ലതരത്തിലും കായത്തിന്നോ മനസ്സിന്നോ ക്ലേശത്തിന്നിടവെച്ചിട്ടുണ്ടെങ്കിൽ ആയതു ബുദ്ധിഹീനതകൊണ്ടു പറഞ്ഞുപോയതാണെന്നുംകൂടി പരസ്യമായി സമ്മതിക്കുകയും ചെയ്തു. നന്ദൻ സ്വാമിയുടെ കാല്ക്കൽ വീണു "എന്നെ അനുഗ്രഹിപ്പാൻ കനിവുണ്ടാകണേ" എന്നു പ്രാർത്ഥിച്ചു. ഉടനെ സ്വാമി നന്ദനെ കൈപിടിച്ചു എഴുനീൽപ്പിച്ചു ആശീർവ്വാദങ്ങളും നല്കി യാത്രയാക്കി. നന്ദൻ ആ വഴിയേ ചിദംബരത്തിലേയ്ക്കു പുറപ്പെട്ടു. "ഹര ഹര ശിവ ശിവ" എന്നു നാമസങ്കീർത്തനവും ചെയ്തുകൊണ്ടു കൂട്ടിൽനിന്നു വിട്ട തത്തയെപ്പോലെ കഴിയുന്നതും വേഗത്തിൽ ഓടിയും നടന്നും കാവേരീതീരത്തിലെത്തി. അവിടെ സ്നാനം ചെയ്തു. ദേഹം മുഴുവനും ഭസ്മംപൂശി രുദ്രാക്ഷം ധരിച്ചു് ശിവനാമങ്ങളെ സങ്കീർത്തനവും ചെയ്തു ധൃതിപ്പെട്ടു നടന്നുതുടങ്ങി. നാലഞ്ചു നാഴികദൂരത്തു നിന്നതന്നെ കനകസഭാപതിയുടെ ഗോപുരം കണ്ടു വീണ്ടുമമസ്കരിച്ചു. സഭാപതിയുടെ ദർശനം ഇതേവരെ സിദ്ധിക്കുവാൻ ഇടവരാത്ത തന്റെ ജന്മം വ്യർത്ഥം. അണിമാദ്യഷ്ടൈശ്വര്യങ്ങളും വിതരണം ചെയ്യുന്ന ആ കന

ക സഭാപതിയുടെ ചുറകം വസിച്ച് വരുന്ന ബ്രാഹ്മണരുടെ ജന്മസാഫല്യം സിദ്ധിച്ചവർ എന്നും മറവും പുലമ്പിയും, അവിടെ മെന്നാൽ പുലയനായ തനിക്കു പ്രവേശം കിട്ടുമോ എന്ന വിചാരത്താൽ വിഷാദിച്ചും ശിവനെ സ്തുതിച്ചും അല്പനേരമെങ്കിലും വിശ്രമിക്കാതെ നടന്നു സഭാപതിയുടെ കിഴക്കെ ഗോപുരത്തിൽ എത്തി. പലേ യാഗങ്ങളും നടത്തിയവരും നടത്തുന്നവരും ആയ ബ്രാഹ്മണരുടെ ആലയങ്ങളാണു അവിടെ കണ്ടതു. സമീപസ്ഥിതന്മാരെക്കൂടി പരിപാവനമാക്കിത്തീർക്കുന്ന പുണ്യഗന്ധവും ധൂമവും ആ ഗൃഹങ്ങളിൽനിന്നു പുറത്തു വ്യാപിച്ചുകൊണ്ടിരുന്നു. അതുകണ്ടു ജാതിഹീനനായ താൻ ആ ഗോപുരത്തിൽകൂടി പ്രവേശിക്കുന്നതു ന്യായമല്ലെന്നു കരുതി നന്ദൻ തെക്കെ ഗോപുരപ്പോരത്തിലെത്തി. "തത്ത്വമസി" മുതലായ മഹാവാക്യങ്ങളുടെ വ്യാഖ്യാനത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്ന ഋഷീശ്വരന്മാരുടേയും വേദോദിതം അദ്ധ്യയനം ചെയ്തുകൊണ്ടിരുന്ന ബ്രഹ്മചാരികളുടെയും ശബ്ദങ്ങളാൽ മാറ്റൊലികൊണ്ടിരുന്ന ദക്ഷിണഗോപുരത്തിൽകൂടിയും തനിക്കു പ്രവേശിച്ചുകൂടെന്നു കണ്ടു, പ്രദക്ഷിണമായി പശ്ചിമഗോപുരത്തിൽ എത്തി. അവിടെ യോഗാരൂഢന്മാരായ മഹാത്മാക്കളേയാണു കണ്ടതു. തന്റെ ജന്മത്തെ നിന്ദിച്ചുകൊണ്ടു അവിടെ നിന്നും വടക്കേഗോപുരത്തിലേയ്ക്കു തിരിച്ചു. അവിടെ സദാചാരപരന്മാരും ശൈവന്മാരും ആയ രാജഷികളും മറവും നിറഞ്ഞിരിക്കുന്നതുകണ്ടു തീരെ നിരാശപ്പെട്ടു, ഹീനജാതിയായ തനിക്കു സഭാപതിദർശനം എങ്ങിനെയാണ് സാധിക്കുവാൻ പോകുന്നതു? കഷ്ടം! പൂർവ്വജന്മത്തിൽ

താൻ എന്തു മഹാപാപം ചെയ്യുവോ? എന്നു തന്നെ നിന്ദിച്ചും, സഭാപതിദർശനം സിദ്ധിക്കാത്തപക്ഷം ഈ ശരീരത്തെ ഇവിടെ വെച്ചുതന്നെ ഉപേക്ഷിക്കുന്നുണ്ടെന്നും എന്നാൽ അടുത്തജന്മത്തിലെങ്കിലും സാദ്ധ്യമായേക്കാം എന്നും മറ്റും വിചാരിച്ച് അടുത്തുള്ള കുളക്കരയിൽ ചെന്നിരുന്നു ഇടവിടാതെ ശിവനാമം ഉച്ചരിച്ചുകൊണ്ടിരുന്നു. ക്ഷീണംനിമിത്തം നന്തൻ മയങ്ങി താഴത്തുവീണുപോയി. തന്റെ ഭക്തൻ ഇതിലുമധികം കഷ്ടപ്പെട്ടുന്നതു കാണുവാൻ കരുണാവാരിധിയായ ശിവനു സാദ്ധ്യമോ?

കുളക്കരയിൽ മയങ്ങിക്കിടക്കുന്ന നന്തന്റെ ശുദ്ധിക്കുനാളെ വഹ്നി തയാറാക്കി അവനെ ശുദ്ധിവരുത്തി തന്റെ സഭയിലേക്കു കൊണ്ടുവരണമെന്നു മുപ്പായിരത്താക്കും നാളെ ബ്രാഹ്മണർ തയ്യാറാക്കുന്ന വഹ്നിയിൽ പ്രവേശിച്ച് പരിശുദ്ധഗാത്രനായി എന്റെ സന്നിധിയിലേക്കു വന്നുകൊള്ളണം എന്നു നന്തനും സപ്പന്തിൽ നടരാജൻ പ്രത്യക്ഷമായി അരുൾചെയ്തു. അതുപ്രകാരം നന്തൻ പിറ്റന്നാൾ മദ്ധ്യാഹ്നത്തിൽ തടാകത്തിൽ സ്നാനം ചെയ്തു ദക്ഷിണഗോപുരപ്പുരത്തിൽ ജ്വലിച്ചുകൊണ്ടിരുന്ന വഹ്നിയെ മൂന്നു പ്രദക്ഷിണം വെച്ച് നടരാജനെ മനസ്സിൽ ദൃഢഭക്തിയോടെ ധ്യാനിച്ച് മുപ്പായിരം ബ്രാഹ്മണരും നോക്കി നില്ക്കുവേ വണ്ടു ചെന്താമരപ്പൂവിൽ എന്നപോലെ യാതൊരു ചാഞ്ചല്യവും കൂടാതെ അതിൽ പ്രവേശിച്ചു. വഹ്നിയാൽ ദഹ്യമാനമായ ശരീരത്തിൽ നിന്നു രുദ്രാക്ഷാദികളാൽ അലംകൃതഗാത്രനും ദിവ്യാംബരങ്ങളാൽ വിഭൂഷിതനും ഇടതുകയ്യിൽ ദണ്ഡവും വലതുകയ്യിൽ കമണ്ഡലുവും ധരിച്ചുവ

നമായ ഒരു കോമളകളേബരനെ കാണുമാറായി വന്നു. കാ
ണികളെല്ലാം അത്ഭുതപരവശരായി. ദേവന്മാർ പുഷ്പവ
ഷ്ടം ചെയ്തു. ഉടനെ ബ്രാഹ്മണർ നന്ദനെ ഗാഢമായി
ആലിംഗനം ചെയ്തു കനകസഭയിലേക്കു കൂട്ടിക്കൊണ്ടുപോ
യി. നന്ദൻ അതിരറ്റ സന്തോഷാനുഭൂതിയാൽ മതിമറ
ന്നു സഭാമണ്ഡപത്തിൽവീണു നമസ്കരിച്ചു. ജനനമരണ
രൂപമായ ഈ സംസാരത്തിൽ സുഖമായാലും ദുഃഖമായാ
ലും ഇനി മേൽ തനിക്കു യാതൊന്നും അനുഭവിക്കുവാൻ ഇട
വെക്കരുതേ! എന്നു ഭക്തിപുരസ്സരം പ്രാർത്ഥിച്ചു. നന്ദനെ
പ്പോലുള്ള ഭക്തശിരോമണികൾ എത്രതന്നെ സഹചരരായു
ണ്ടായിരുന്നാലും മതിവരാത്ത നടരാജമൂർത്തി നന്ദൻ പ്രാ
ർത്ഥിച്ചില്ലെങ്കിൽ തന്നെ സായുജ്യം കൊടുക്കാതിരിക്കുമോ?

നന്ദൻ നമസ്കരിച്ചതോടുകൂടി ആ ശരീരത്തിൽനിന്നു
ഒരു ജ്യോതിസ്സു നടരാജമൂർത്തിയിൽ ചെന്നു ലയിച്ചതായി
കണ്ടു എല്ലാവരും അത്ഭുതപരതന്ത്രന്മാരായി സഭാപതി
യുടെ ഭക്തവാത്സല്യത്തെക്കുറിച്ചു സ്തുതിച്ചുതുടങ്ങി. ആ
കാശത്തിൽ നിന്നും ദുന്ദുഭിഘോഷം കേൾക്കുമാറായി. ദേ
വന്മാരുടെ പുഷ്പവൃഷ്ടിയും അക്ഷീണമായി.

ശുഭം.

Dr. F. C. C. PILLAI.

VANCHIYOOR, TRIVANDRUM.

പുതിയ പുസ്തകങ്ങൾ

വ്രതചൂഡാമണി

അഥവാ

ഹിന്തുക്കളുടെ വിശേഷദിവസങ്ങൾ.

ഹിന്തുക്കൾ പുരാതനകാലംമുതല്ക്കേ ആചരിച്ചിരുന്നതും ഇപ്പോഴും ആചരിച്ചും വിശ്വസിച്ചും വരുന്നവകളുമായ വ്രതങ്ങളുടെ ചരിത്രമാണ് ഇതിൽ വിവരിക്കുന്നത്. ഇതുകളുടെ ആഗമം, മാഹാത്മ്യം മുതലായവ എത്രകണ്ടുണ്ടെന്നും സകലരും ധരിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഈ പുസ്തകത്തിൽ താഴെ പറയുന്ന വ്രതങ്ങളുടെ സകലചരിത്രവും ലളിതമലയാളത്തിൽ വിവരിച്ചിട്ടുണ്ട്. ഈ പുതിയ പുസ്തകം സകല കേരളീയരും വായിക്കേണ്ടതാണ്.

വിഷയവിവരം

1. അഷ്ടമിരോഹണി
2. അത്തം
3. ഓണം
4. ദീപാവളി
5. മകരസംക്രാന്തി
6. പാനകപൂജ
7. തിരുവാതിര
8. വൃശ്ചികത്തിൽകാർത്തിക
9. ഷഷ്ഠി
10. ഏകാദശി
11. കാളിപൂജ
12. ചിത്രാപൂർണ്ണിമ
13. അക്ഷയതൃതീയ
14. കർക്കിടകസംക്രാന്തി

15. ശിവരാത്രി
16. മഹാളയ അമാവാസി
17. ചൈത്രാമാവാസി
18. സോമവാരവ്രതം
19. വിനായകചതുർത്ഥി
20. ഭവനേശപരീപൂജ
21. ശ്രീരാമനവമി

ഈ ബുക്കിന്റെ വില ക. 1—4—0

ദാമ്പത്യരഹസ്യം (ഗദ്യം)

ഈ പുതിയ പുസ്തകത്തിൽ ഭാര്യാഭർത്താക്കന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട 150-ൽ അധികം വിഷയങ്ങൾ അടങ്ങിയിരിക്കുന്നു. അനവധി ശാസ്ത്രഗ്രന്ഥങ്ങൾ പരിശോധിച്ച് എഴുതിയതാണ് ഈ പുസ്തകം. സകലരും വായിക്കേണ്ടതു്.

വില ക. 1—0—0

കാമശാസ്ത്രം (ഗദ്യം)

രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പ് വാത്സ്യായനമഹർഷി എഴുതിയ സംസ്കൃതഗ്രന്ഥത്തിന്റെ മലയാളപരിഭാഷ. രതിശാസ്ത്രസംബന്ധമായ വിഷയങ്ങളാണ് ഇതിൽ മുഴുവൻ പറയുന്നതു്. ആദ്യത്തെ പതിപ്പു മുഴുവൻ വേഗംതീർന്നു—ഇതു രണ്ടാംപ്രാവശ്യം അടിച്ചതാകുന്നു.

വില ക. 2—0—0

കല്യാണിക്കുട്ടി—നോവൽ.

നവരസം തുളുമ്പുന്ന ഒരു ഒന്നാംതരം നോവൽ. പാത്രസൃഷ്ടി, കഥാഘടന ഇവ ഈ നോവലിന്റെ പ്രത്യേകഗുണമാണ്. ഉടൻ എഴുതുക. വില ക. 1—0—0

ജ്ഞാനസാഗരം പുസ്തകശാല, തൃശ്ശിവപേരൂർ.

DR. P. O. O. PILLAI.
VANCHIYOOR, TRIVANDRUM.

DR. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

ശ്രീകൃഷ്ണകർണ്ണാമൃതം

ജ്ഞാനപ്പാന, സന്താനഗോപാലം പാന ഇ
ടെ കത്താവും ഭക്തശ്രേഷ്ഠനും ആയ "പൂന്താന
ണ്ടാക്കിയതാണ്" ഈ കൃതി.

"കേളിയേറിയ മേപ്പത്തൂരിന്റെ വിഭക്തിയേ—
ക്കാളിഹ പൂന്താനത്തിൻ ഭക്തിയാണെനിക്കിഷ്ട

ഫ്രിന്ന് ഗുരുവായൂരപ്പന്റെ അശരീരി ഉണ്ടായതും മറ
പൂന്താനത്തിന്റെ ശ്രീകൃഷ്ണകർണ്ണാമൃതം കേട്ടിട്ടാണ്.
തുയും മാഹാത്മ്യമുള്ള ഈ പുസ്തകം സകല കേരളീയ
ഒരു പ്രതി വാങ്ങിക്കുവിൻ— പൂന്താനത്തിന്റെ ജീവച
രിത്രം ഐതിഹ്യം മുതലായതും ചേർത്ത് ഭംഗിയിൽ അ
ച്ചടിപ്പിച്ചിട്ടുള്ളത്. വില 0—8—0

മാനേജർ,

ജ്ഞാനസാഗരം പുസ്തകശാല,

തൃശ്ശിവപേരൂർ.